# ജാമക്കാരൻ
# JAMAKKARAN

ജാമക്കാരൻ JAMAKKARAN

**VOLUME - 2** **Reg NO.TNBIL/2016/70171** **ISSUE - 6**

**JUNE 2018 TAMIL & MALAYALAM**

**ANNUAL SUBSCRIPTION - Rs.60/= FOREIGN - Rs.600/=**

*(ജാമക്കാരനിൽ) സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21) പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).*

*ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. (1 കൊരി:2:15) (ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല – കത്തോലിക്ക വേദപുസ്തകം).*

0427 - 2387499. E-mail : jamakaran@yahoo.com. Fax: 0427- 2386464. www.jamakaran.com



**കർത്താവിൽ പ്രിയരെ,**

**ദൈവകൃപയിൽ നിങ്ങൾ വർദ്ധിക്കുമാറാകട്ടെ. ജൂൺ – ജൂലൈ മാസങ്ങൾ ഇന്ത്യൻ കുടുംബങ്ങൾക്കു അല്പം ബുദ്ധിമുട്ടുകളുള്ള മാസങ്ങളാണ്. ഈ മാസങ്ങളിലാണ് മക്കളുടെ പുതിയ അദ്ധ്യയനവർഷങ്ങൾ തുടങ്ങുന്നതും, അതിന്റെ ചെലവുകൾ വർദ്ധിക്കുന്നതും. ഉയർന്ന ക്ലാസ്സുകളിലേക്കുള്ള പ്രവേശനവും, ജോലിതേടലുകളും അടുത്ത ബുദ്ധിമുട്ടുകളാണ്. കർത്താവ് തന്നെ നിങ്ങളുടെ ആവശ്യങ്ങളിൽ കൂടെ ഇരുന്ന് പൂർത്തിയാക്കട്ടെ.**

**ജാമക്കാരൻ കുടുംബത്തിലെ കുഞ്ഞുങ്ങൾ വിവിധ പരീക്ഷകളിൽ പാസ്സായതറിഞ്ഞ് ദൈവത്തെ സ്തുതിക്കുന്നു.**

**കുവൈറ്റ്, യൂറോപ്യൻ രാജ്യങ്ങളിലെ ശുശ്രൂഷകൾ**

**കഴിഞ്ഞ ഏപ്രിൽ, മെയ് മാസങ്ങളിൽ നടന്ന വിദേശത്തുള്ള ദൈവവേലകൾ വളരെ അനുഗ്രഹകരമായിരുന്നു. അതിനായി ദൈവത്തെ സ്തുതിക്കുന്നു. കഴിഞ്ഞ 30 വർഷങ്ങളായി യൂറോപ്യൻ രാജ്യങ്ങളിൽ ശുശ്രൂഷകൾ നിറവേറ്റി വരുന്നു. മറ്റെല്ലാ സമയത്തെക്കാളും ഇപ്രാവശ്യം ഏറെ ദൈവകൃപ വെളിപ്പെട്ടു. ജനങ്ങളുടെ ശ്രദ്ധയും ആകാംക്ഷയും കൂടുതൽ നേരം ദൈവവചനം പങ്കുവെയ്ക്കാൻ ദൈവാത്മാവ് പ്രേരണ നല്കി.**

# JUNE 2018

വികാരാവേശങ്ങൾകൊണ്ട് തിങ്ങി നിറഞ്ഞ് ആരാധിക്കുന്ന യൂറോപ്പിലും അതിന്റെ മധ്യത്തിൽ ദൈവവചന ദാഹവും താല്പര്യവും ഉള്ള ജനങ്ങളെ കണ്ടപ്പോൾ ഇന്നും പ്രവർത്തിക്കുന്ന ദൈവാത്മാവിന്റെ വ്യാപാരത്തിൽ കർത്താവിൽ ഏറെ സന്തോഷിച്ചു. ഇവിടെ വിവിധ സ്ഥലങ്ങളിൽ ശുശ്രൂഷിക്കുന്ന സഭാശുശ്രൂഷകർ എന്നെക്കാണാൻ സമയമെടുത്തു വന്നതും ശുശ്രൂഷകളിൽ സംബന്ധിച്ചതും എന്നിൽ സന്തോഷം വർദ്ധിപ്പിച്ചു. എന്നെ നേരിൽക്കണ്ടപ്പോൾ, ദൈവാത്മാവിന്റെ കൃപാവര പ്രകാശനങ്ങളിൽ എതിരഭിപ്രായം ആരും പറഞ്ഞില്ല. മാത്രമല്ല, രണ്ട് ശുശ്രൂഷകർ, തങ്ങൾ പാരമ്പര്യമായി പിൻതുടർന്ന അന്യഭാഷാ ഭാഷണം വിട്ട്, വചനത്തിലേക്കു മടങ്ങിവരുന്നു എന്ന് പറഞ്ഞതുകേട്ട് ഏറെ സന്തോഷിച്ച്, സ്വർഗ്ഗവും സന്തോഷത്താൽ മുഖരിതമായി!

* ഈ ലക്കത്തിൽ യിസ്രായേൽ ചരിത്രത്തിന്റെ ലഘുവിവരണവും, യിസ്രായേലിന്റെ നേതാവും പ്രവാചക ശുശ്രൂഷകനുമായ മോശെയുടെ വിവരണവും, മോശെയിലൂടെ മുഴുവൻ ലോകജനതയ്ക്കും അനുഗ്രഹത്തിന് കാരണമായി ലഭിച്ച പത്തുകല്പനകളുടെ ആമുഖപഠനവും ചേർത്തിട്ടുണ്ട്. ദയവായി നിറുത്തിവായിക്കുക. തുടർന്നുള്ള ചരിത്ര പഠനങ്ങൾ കർത്താവ് അനുവദിച്ചാൽ അടുത്ത ലക്കങ്ങളിൽ നിങ്ങൾക്കു വായിക്കാം.

* ഞാൻ വിദേശത്തായിരുന്നപ്പോഴും മാസിക തടസ്സമില്ലാതെ പുറത്തുവരുവാൻ പ്രാർത്ഥിക്കുകയും, സാമ്പത്തിക കൂട്ടായ്മകളും നല്കിയ ഓരോരുത്തരെയും ഓർത്ത് ദൈവത്തെ സ്തുതിക്കുന്നു. അതിനാൽ തക്കസമയത്ത് തന്നെ പ്രസിദ്ധീകരിച്ച് വിതരണം ചെയ്യാൻ ദൈവം സഹായിച്ചു.

* ഞാൻ നാട്ടിലില്ലാതിരുന്ന സമയത്തും പ്രാർത്ഥനാ വിഷയങ്ങൾ ടെലിഫോണിലൂടെ അറിയിച്ചവർക്ക് എന്റെ പത്നി വദനീ പുഷ്പരാജ് പ്രാർത്ഥിക്കുകയും വേണ്ടുന്നവർക്ക് ആലോചനയും നല്കി. സഹകരിച്ച നിങ്ങൾക്കേവർക്കും നന്ദി.

* വിദേശശുശ്രൂഷകൾ കഴിഞ്ഞ് മടങ്ങിയെത്തിയ ഞാൻ 4 ദിവസം മാത്രമെ വീട്ടിലുണ്ടായിരുന്നുള്ളൂ. ഉടനെതന്നെ തിരുനെൽവേലി മഹായിടവക കൺവെൻഷനിൽ പ്രസംഗിക്കാനായി പുറപ്പെട്ടു. യോഗവിവരങ്ങൾ ഫോട്ടോ സഹിതം കൊടുത്തിട്ടുണ്ട്. വായിക്കുക. ദൈവത്തിന് മഹത്വമുണ്ടാകട്ടെ.

കർത്തൃശുശ്രൂഷയിൽ
**ഡോ.പുഷ്പരാജ്**

# മോശെ

*യിസ്രായേൽമക്കളെ മിസ്രയീമിലെ അടിമത്തത്തിൽ നിന്നും മോചിപ്പിച്ചു ഒരു സ്വതന്ത്രജനതയായി കനാനിൽ പ്രവേശിക്കുവാൻ അവരെ സജ്ജരാക്കിയ ദേശീയ നായകനാണ് മോശെ. യിസ്രായേൽ ചരിത്രത്തിലെ ഏറ്റവും ഇരുളടഞ്ഞ കാലഘട്ടത്തിലായിരുന്നു മോശെയുടെ ജനനം. യാക്കോബിന്റെ കാലത്തു മിസ്രയീമിൽ എത്തിച്ചേർന്ന എഴുപതുപേർ സന്താനസമ്പന്നരായി വർദ്ധിച്ചു ദേശം നിറഞ്ഞു. ഇവരുടെ വളർച്ച മിസ്രയീമിലെ രാജാവിനു ഭയകാരണമായിത്തീർന്നു. യുദ്ധംവരുന്നപക്ഷം ഇവർ ശത്രുക്കളോടു ചേർന്നു മിസ്രയീമിനു ദോഷം ചെയ്യുമെന്നു കരുതി അവരെ കഠിനവേലകളാൽ പീഡിപ്പിച്ചു നശിപ്പിക്കുവാൻ ഫറവോൻ ശ്രമിച്ചു. ജനിക്കുന്ന ആൺകുഞ്ഞുങ്ങളെ കൊല്ലേണ്ടതിനു ശിപ്രാ, പൂവ്വാ എന്ന രണ്ടു എബ്രായസൂതികർമ്മിണികളെ രാജാവു നിയോഗിച്ചു. അതു നിഷ്ഫലമെന്നു മനസ്സിലാക്കിയ ഫറവോൻ ജനിക്കുന്ന ആൺകുട്ടികളെയെല്ലാം നദിയിൽ ഇട്ടുകളയണമെന്നു കല്പന പുറപ്പെടുവിച്ചു. ഈ കല്പന നിലവിലിരുന്ന കാലത്താണ് മോശെയുടെ ജനനം.*

*മോഷെഹ് (വലിച്ചെടുക്കപ്പെട്ടു) എന്നതാണു പേരിന്റെ എബ്രായരൂപം. തുത്ത്മൊസ്, അഹ്മൊസ് എന്നീ പേരുകളുടെ ഉത്തരപദമായ മ്സിൽ നിന്നാണു മോശെ വന്നതെന്നു കരുതപ്പെടുന്നു. അതിനു കുഞ്ഞ് അഥവാ ജാതൻ എന്നാണർത്ഥം. (പുറ 2:10 – പൈതൽ വളർന്നശേഷം അവൾ അവനെ ഫറവോന്റെ പുത്രിയുടെ അടുക്കൽ കൊണ്ടുപോയി, അവൻ അവൾക്കു മകനായി: ഞാൻ അവനെ വെള്ളത്തിൽ നിന്നു വലിച്ചെടുത്തു എന്നു പറഞ്ഞു അവൾ അവന്നു മോശെ എന്നു പേരിട്ടു). ലേവിഗോത്രത്തിൽ അമ്രാമിന്റെ ഭാര്യയും യോഖേബെദിന്റെയും പുത്രനാണു മോശെ. മൂത്ത സഹോദരനായ അഹരോനു മൂന്നുവയസ്സ് പ്രായക്കൂടുതലുണ്ട്. മോശെയുടെ ജ്യേഷ്ഠസഹോദരിയാണ് മിര്യാം. മോശെയുടെ ജീവിതകാലത്തെ നാല്പതുവർഷം വീതമുള്ള മൂന്നു ഘട്ടങ്ങളായി പിരിച്ചിട്ടുണ്ട്. (1) മിസ്രയീമിൽ ഫറവോന്റെ കൊട്ടാരത്തിൽ, (2) മിദ്യാനിൽ, (3) മരുഭൂമിയിൽ.*

*മിസ്രയീമിൽ : ബി.സി.1520–ലാണ് മോശെയുടെ ജനനം. ജനനസ്ഥലം ഹെലിയൊപൊലിസ് (സൂര്യനഗരം) ആണെന്നു ചരിത്രകാരനായ മാനെതൊ പറയുന്നു. മോശെയുടെ ജനനത്തെക്കുറിച്ചു മിസ്രയീമ്യ വിദ്വാന്മാർ ഫറവോനെ മുന്നറിയിച്ചുവെന്നും മോശെയുടെ പിതാവിനു സ്വപ്നത്തിലൂടെ അരുളപ്പാടു ലഭിച്ചുവെന്നും ജൊസീഫസ് രേഖപ്പെടുത്തിയിട്ടുണ്ട്. മോശെയെ മൂന്നുമാസം മാതാവു ഒളിപ്പിച്ചു*

സൂക്ഷിച്ചു. ഒളിപ്പിച്ചു വെയ്ക്കുവാൻ ഒട്ടും നിവൃത്തിയില്ലാതായപ്പോൾ പൈതലിനെ ഞാങ്ങണപ്പെട്ടകത്തിൽ കിടത്തി ഞാങ്ങണയുടെ ഇടയിൽവച്ചു. കുഞ്ഞിനു എന്തു സംഭവിക്കുമെന്നറിയാൻ സഹോദരി (മിര്യാം ആയിരിക്കണം) ദൂരെ കാത്തുനിന്നു. ഫറവോന്റെ പുത്രി (ഹത്ഷെപ്സുത് രാജ്ഞി ആയിരിക്കണം) നദിയിൽ കുളിക്കുവാൻ വന്നു. ദാസി മുഖേന പെട്ടകം തന്റെ അടുക്കൽ വരുത്തി. പെട്ടകം തുറന്നപ്പോൾ പൈതൽ കരഞ്ഞു. കുഞ്ഞിനെ സ്വന്തം മകനായി വളർത്തുവാൻ അവൾ തീരുമാനിച്ചു. അടുത്തുണ്ടായിരുന്ന സഹോദരി കുഞ്ഞിനു മുലകൊടുത്തു വളർത്തുവാൻ മാതാവിനെ തന്നെ കൊണ്ടുവന്നു ഏല്പിച്ചു. മോശെയുടെ ജീവിതത്തിലെ ആദ്യഘട്ടത്തെക്കുറിച്ചു പുറപ്പാടിൽ അധികമൊന്നും പറഞ്ഞിട്ടില്ല. എന്നാൽ ന്യായാധിപസംഘത്തിനു മുമ്പാകെ സ്തെഫാനൊസ് ചെയ്ത പ്രസംഗത്തിൽ ചില സൂചനകളുണ്ട്. "മോശെ മിസ്രയീമ്യരുടെ സകലജ്ഞാനവും അഭ്യസിച്ചു വാക്കിലും പ്രവൃത്തിയിലും സമർത്ഥനായിത്തീർന്നു. അവനു നാല്പതു വയസ്സു തികയാറായപ്പോൾ യിസ്രായേൽ മക്കളായ തന്റെ സഹോദരന്മാരെ ചെന്നു കാണേണം എന്നു മനസ്സിൽ തോന്നി" (അപ്പൊ 7:22-23).

നാല്പതു വയസ്സു തികയാറായപ്പോൾ യിസ്രായേൽ മക്കളായ സഹോദരന്മാരെ ചെന്നുകണ്ടു. അപ്പോൾ ഒരു എബ്രായനെ മിസ്രയീമ്യർ അടിക്കുന്നതു കണ്ടു. മോശെ ചെന്നു മിസ്രയീമ്യനെ അടിച്ചുകൊന്നു മണലിൽ കുഴിച്ചിട്ടു. ഈ സംഭവം ആരും കണ്ടില്ലെന്നു മോശെ കരുതി. പിറ്റെദിവസം രണ്ട് എബ്രായപുരുഷന്മാരെ സമാധാനിപ്പിക്കുവാൻ ശ്രമിച്ചപ്പോൾ അവരിൽ ഒരുവൻ മിസ്രയീമ്യനെ കൊന്നതുപോലെ എന്നെയും കൊല്ലുവാൻ ഭാവിക്കുന്നുവോ എന്നു ചോദിച്ചു. ഈ സംഭവത്തെക്കുറിച്ചു കേട്ട ഫറവോൻ മോശെയെ കൊല്ലുവാൻ അന്വേഷിച്ചു. മോശെ ഒളിച്ചോടി മിദ്യാൻ ദേശത്തു ചെന്നു പാർത്തു (പുറ 2:11-15). മിദ്യാൻദേശത്തു ചെന്നു പാർത്തു; അവൻ ഒരു കിണറ്റിന്നരികെ ഇരുന്നു.")

**മിദ്യാനിൽ :** മിദ്യാനിലെ പുരോഹിതനായ യിത്രോ ക്ഷണിച്ചതനുസരിച്ചു മോശെ യിത്രോയോടൊപ്പം പാർത്തു. പുരോഹിതൻ തന്റെ പുത്രിയായ സിപ്പോറയെ മോശെയ്ക്കു ഭാര്യയായി നല്കി. അമ്മായപ്പന്റെ ആടുകളെ മോശെ മേയിച്ചു.

മോശെയെ ദൈവം വിളിച്ചതു ദൈവത്തിന്റെ പർവ്വതമായ ഹോരേബിൽ വച്ചാണ്. യഹോവയുടെ ദൂതൻ മുൾപ്പടർപ്പിന്റെ നടുവിൽ നിന്നു അഗ്നിജ്വാലയിൽ പ്രത്യക്ഷനായി. പെട്ടെന്നു എരിഞ്ഞുതീരേണ്ട മുൾപ്പടർപ്പു തീയുടെ ആധിക്യത്തിൽ വെന്തുപോകാതിരിക്കുന്നതു കണ്ടു മോശെ അത്ഭുതപ്പെട്ടു. ദൈവം മുൾപ്പടർപ്പിന്റെ നടുവിൽ നിന്നു മോശെയെ വിളിച്ചു യിസ്രായേൽജനത്തെ അടിമത്തത്തിൽ നിന്നു മോചിപ്പിക്കുവാനുള്ള നിയോഗം നല്കി. ഈ നിയോഗം ബോദ്ധ്യപ്പെടുത്തുവാൻ വേണ്ടി

രണ്ട് അടയാളങ്ങൾ നല്കി. മോശെയുടെ കയ്യിലിരുന്ന വടി നിലത്തിട്ടപ്പോൾ അതു സർപ്പമായി. അതിനെ പിടിച്ചെടുത്തുപ്പോൾ വീണ്ടും വടിയായി. മോശെയുടെ കൈ കുഷ്ഠബാധിതമാക്കുകയും തുടർന്നു കുഷ്ഠ മുക്തമാക്കുകയും ചെയ്തു. ഈ അടയാളങ്ങൾ ജനം വിശ്വസിച്ചില്ലെങ്കിൽ മറ്റൊരടയാളം കൂടി യഹോവ വാഗ്ദനം ചെയ്തു; നൈൽ നദിയിലെ വെള്ളം കോരി നിലത്തൊഴിക്കുമ്പോൾ അതു രക്തമായിത്തീരും. തന്റെ എല്ലാ ബലഹീനതകളിലും ആവശ്യമായ ദൈവീകസഹായം വാഗ്ദാനം ചെയ്യപ്പെട്ടു. ഒടുവിൽ സഹായത്തിനായി യഹോവ അഹരോനെ നല്കി. മോശെ അമ്മായപ്പന്റെ വീട്ടിലേക്കു മടങ്ങിവന്നു, മിസ്രയീമിൽ തന്റെ സഹോദരന്മാരുടെ അടുക്കലേക്കു പോകുവാൻ അനുവാദം വാങ്ങി. മോശെ ഭാര്യയും പുത്രന്മാരുമായി മിസ്രയീം ദേശത്തേക്കു യാത്രയായി. വഴിയിൽ വച്ച് യഹോവ അവനെ എതിരിട്ടു കൊല്ലുവാൻ ഭാവിച്ചു. ആ സമയം സിപ്പോറ കല്ക്കത്തികൊണ്ടു മകനെ പരിച്ഛേദനം കഴിച്ചു. അപ്പോൾ യഹോവ അവനെ വിട്ടൊഴിഞ്ഞു. ഈ സംഭവത്തിന്റെ ഫലമായി ഭാര്യയെയും മക്കളെയും മോശെ യിത്രോയുടെ അടുക്കൽ അയച്ചു. രെഫീദീമിൽ വച്ചാണ് മോശെ വീണ്ടും അവരോടു ചേർന്നത് (പുറ 18:2-6). ദൈവത്തിൽ പർവ്വതത്തിൽ വച്ച് അഹരോൻ മോശെയെ എതിരേറ്റു ചുംബിച്ചു. യഹോവയുടെ അരുളപ്പാടുകളും അടയാളങ്ങും മോശെ അഹരോനെ അറിയിച്ചു.

**മരുഭൂമിയിൽ :** ഒടുവിലത്തെ 40 വർഷത്തെ മോശെയുടെ ചരിത്രം യിസ്രായേൽജനത്തിന്റെ ചരിത്രമാണ്. ദൈവകല്പനയനുസരിച്ച് മോശെയും അഹരോനും ഫറവോന്റെ അടുക്കൽ ചെന്നു: മരുഭൂമിയിൽ എനിക്കു ഉത്സവം കഴിക്കേണ്ടതിനു എന്റെ ജനത്തെ വിട്ടയക്കേണം എന്നിപ്രകാരം യിസ്രായേലിന്റെ ദൈവമായ യഹോവ കല്പിക്കുന്നു എന്നു പറഞ്ഞു. ഫറവോൻ ഉടൻ ദൈവകല്പന നിഷേധിച്ചു. "ഞാൻ യഹോവയോ അറികയില്ല; ഞാൻ യിസ്രായേലിനെ വിട്ടയക്കുകയില്ല." തുടർന്ന് ഫറവോൻ യിസ്രായേൽമക്കളുടെ വേല കഠിനമാക്കി. ഫറവോന്റെ എതിർപ്പും പീഡനവും വർദ്ധിച്ചപ്പോൾ പതിനൊന്നുബാധകൾ മിസ്രയീമിന്മേൽ വരുത്തി. അവ :

1. നൈൽനദിയിലെ ജലം രക്തമായി
2. രാജ്യം മുഴുവൻ തവള നിറഞ്ഞു
3. നിലത്തിലെ പൊടി പേനായി മാറി
4. ദേശത്തു നായീച്ച നിറഞ്ഞു
5. അതികഠിനമായ വ്യാധികൊണ്ടു മിസ്രയീമ്യരുടെ മൃഗങ്ങളെല്ലാം ചത്തു
6. മനുഷ്യരെയും മൃഗങ്ങളെയും പരു ബാധിച്ചു
7. കല്മഴയും തീയും ഉണ്ടായി മനുഷ്യരും മൃഗങ്ങളും നശിച്ചു
9. വെട്ടുക്കിളി,

10. മൂന്നുദിവസത്തെ കൂരിരുട്ടു.
11. മിസ്രയീമിലെ ആദ്യജാതന്മാരുടെയും കടിഞ്ഞൂലുകളുടെയും സംഹാരം.
ആദ്യത്തെ ഒമ്പതു ബാധകളിലും ഫറവോന്റെ ഹൃദയം കഠിമായതേയുള്ളൂ. ഒടുവിലത്തെ ബാധയിൽ കൊട്ടാരം മുതൽ കാരാഗൃഹംവരെയുള്ള എല്ലാവരുടെയും ആദ്യജാതന്മാരും മൃഗങ്ങളുടെ കടിഞ്ഞൂലുകളും സംഹരിക്കപ്പെട്ടു. പുറപ്പാടിന്റെ തലേരാത്രി ആദ്യമായി പെസഹ ആചരിച്ചു.

യിസ്രായേല്യരിലെ ഓരോ കുടുംബവും യഹോവയുടെ കല്പനയനുസരിച്ചു ഒരു വയസ്സു പ്രായമുള്ള ഊനമില്ലാത്ത കുഞ്ഞാടിന്റെ രക്തം കട്ടിളക്കാലിന്മേലും കുറുമ്പടിമേലും തളിച്ചു. സംഹാരദൂതൻ രക്തമുദ്രിതമായ യിസ്രായേല്യഭവനങ്ങളെ കടന്നുപോയി. അനന്തരം യിസ്രായേലിലെ ആദ്യജാതന്മാർ യഹോവയ്ക്കു വിശുദ്ധീകരിക്കപ്പെട്ടു. രാത്രിയിൽ തന്നെ ഫറവോൻ മോശെയെയും അഹരോനെയും വിളിപ്പിച്ചു മൃഗസമ്പത്തുമായി പുറപ്പെടുവാൻ അനുവാദം നല്കി. മിസ്രയീമ്യരിൽ നിന്നു ആഭരണങ്ങളും വസ്ത്രങ്ങളും വാങ്ങി കൊള്ളയോടുകൂടി യിസ്രായേൽ മക്കൾ മിസ്രയീമിൽ നിന്നും പുറപ്പെട്ടു.

ഏകദേശം ആറുലക്ഷം പുരുഷന്മാരോടൊപ്പം കുട്ടികളും സ്ത്രീകളുമായി അവർ റമസേസിൽ നിന്നും സുക്കോത്തിലേക്കു യാത്രതിരിച്ചു. പോകാനനുവദിച്ചതു അബദ്ധമായി എന്നു കരുതി ഫറവോനും സൈന്യവും യിസ്രായേലിനെ പിന്തുടർന്നു. മോശെ വടി നീട്ടി, ചെങ്കടലിലെ വെള്ളം രണ്ടായി വിഭാഗിച്ചു. ഉണങ്ങിയ നിലത്തുകൂടി യിസ്രായേൽ ജനം ചെങ്കടൽ കടന്നു. ഫറവോനും സൈന്യവും ചെങ്കടലിൽ മുങ്ങി. വഴി കാണിക്കേണ്ടതിനു പകൽ മേഘസ്തംഭത്തിലും വെളിച്ചം കൊടുക്കേണ്ടതിനു രാത്രി അഗ്നിസ്തംഭത്തിലും യഹോവ അവർക്കു മുമ്പായി പൊയ്ക്കൊണ്ടിരുന്നു.

ചെങ്കടലിൽ നിന്നും മാറാവഴിയായിരുന്നു യിസ്രായേൽ ജനത്തിന്റെ യാത്ര. മാറായിലെ കൈപ്പുവെള്ളം അവർക്കു മധുരമാക്കിക്കൊടുത്തു. (പുറ 15:23) ഏലീമിൽ പന്ത്രണ്ടു നീരുറവും എഴുപതു ഊത്തപ്പനയും ഉണ്ടായിരുന്നു (പുറ 15:27) സീൻ മരുഭൂമിയിൽവച്ച് ഭക്ഷണത്തിനുവേണ്ടി ജനം മോശെയ്ക്കെതിരെ പിറുപിറുത്തു. യഹോവ അവർക്കു ഭക്ഷിക്കുവാൻ കാടപ്പക്ഷിയും മന്നയും നല്കി. മരുഭൂമി പ്രയാണകാലം മുഴുവൻ അവർ മന്നാ ഭക്ഷിച്ചു. കനാൻ ദേശത്തു അവർ എത്തിയശേഷമാണ് മന്നാ നിന്നുപോയത്. രെഫീദീമിൽ വച്ച് മോശെ പാറയെ അടിച്ചു ജനത്തിനു വെള്ളം സമൃദ്ധിയായി കൊടുത്തു. (പുറ 17:1-7 ) അമാലേക്യരോടുള്ള യുദ്ധത്തിൽ അഹരോനും ഹൂരും മോശെയുടെ കൈകളെ

ഉയർത്തിപ്പിടിച്ചു. യോശുവ സൈന്യത്തെ നയിക്കുകയും യിസ്രായേല്യർ വിജയിക്കുകയും ചെയ്തു. മോശെയുടെ അമ്മായപ്പനായ യിത്രോ മോശെയുടെ ഭാര്യയെയും മക്കളെയും കൊണ്ടുവന്നു. യിത്രോയുടെ ഉപദേശമനുസരിച്ചു തന്നെ സഹായിക്കുന്നതിനുവേണ്ടി 70 മൂപ്പന്മാരെ മോശെ നിയമിച്ചു.

മിസ്രയീമിൽ നിന്നും പുറപ്പെട്ടശേഷം മൂന്നാംമാസാം അവർ സീനായിമരുഭൂമിയിൽ എത്തി ഒരു വർഷത്തോളം അവിടെ കഴിഞ്ഞു. സീനായിയിൽ വച്ചു യഹോവ കേൾക്കുന്നതിനു ജനത്തെ സജ്ജമാക്കുവാൻ ആവശ്യപ്പെടുകയും ചെയ്തു. മൂന്നാം ദിവസം സീനായി പർവ്വത്തിന്റെ താഴ്വാരത്തിൽ ജനം കൂടിനിന്നു. ജനത്തിന്റെ പ്രതിവിധി എന്ന നിലയിൽ മോശെ ന്യായപ്രമാണം ദൈവത്തിൽ നിന്നും ഏറ്റുവാങ്ങി. വീണ്ടെടുക്കപ്പെട്ട ജനവുമായി ദൈവം കല്പിച്ചതുപോലെ ഞങ്ങൾ ചെയ്യും എന്നു ജനം സത്യം ചെയ്തു. (പുറ 24:3) പത്തുകല്പനകൾ ഇതിലുൾപ്പെട്ടിരുന്നു. മോശെ 40 ദിവസം പർവ്വതത്തിന്റെ നിർമ്മാണവും ആരാധനയും സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ, ദൈവത്തിന്റെ വിരൽകൊണ്ടു എഴുതിയ കല്പലകകൾ എന്നിവ മോശെയ്ക്കു ലഭിച്ചു: (പുറ 31:18) അതേസമയം താഴ്വരയിൽ വിശ്വാസത്യാഗം ഉച്ചാവസ്ഥയിൽ എത്തിക്കഴിഞ്ഞു. അഹരോൻ നിർമ്മിച്ച സ്വർണ്ണകാളക്കുട്ടിയെ ജനം ആരാധിച്ചു. കോപാവേശത്തിൽ മോശെ കയ്യിലിരുന്ന കല്പലകകളെ എറിഞ്ഞുടച്ചു. മോശെയുടെ ആഹ്വാനമനുസരിച്ചു ലേവ്യർ പുറത്തുവന്നു വിഗ്രഹാരാധികളെ കൊന്നു. അന്നു ഏകദേശം മൂവായിരംപേർ കൊല്ലപ്പെട്ടു. വീണ്ടും ജനത്തിന്റെ പാപത്തിനു പ്രായശ്ചിത്തം വരുത്തുവാൻ മദ്ധ്യസ്ഥൻ എന്ന നിലയിൽ മോശെ ദൈവത്തോടപേക്ഷിച്ചു. (പുറ 32:30, പുറ 33:16) യഹോവയുടെ തേജസ്സ് മോശെയ്ക്കു വെളിപ്പെട്ടു. മോശെ തയ്യാറാക്കിക്കൊണ്ടുവന്ന കല്പലകകളിൽ വീണ്ടും കല്പനകൾ എഴുതി, യിസ്രായേലിനോടു വീണ്ടും ഉടമ്പടി ചെയ്തു. നാല്പതുദിവസം പർവ്വതത്തിൽ കഴിഞ്ഞശേഷം മൂടുപടംകൊണ്ടു മുഖംമൂടി മോശെ ജനത്തിന്റെ അടുക്കൽ വന്നു. തുടർന്നു സമാഗമനകൂടാരവും ഉപകരണങ്ങളും നിർമ്മിച്ചു. സമാഗമനകൂടാരത്തിൽ വച്ചു യഹോവ മോശെയോടു സംസാരിക്കുകയും യാഗങ്ങൾ വഴിപാടുകൾ എന്നിവയെക്കുറിച്ചുള്ള നിയമങ്ങൾ നല്കുകയും ചെയ്തു. അഹരോനെയും പുത്രന്മാരെയും പുരോഹിതന്മാരായി അഭിഷേകം ചെയ്തു. അഹരോന്റെ പുത്രന്മാരായ നാദാബും അബീഹുവും അന്യാഗ്നി കത്തിച്ചു ഉടനെ യഹോവയുടെ സന്നിധിയിൽ നിന്നും തീ പുറപ്പെട്ടു അവരെ ദഹിപ്പിച്ചുകളഞ്ഞു. ശുദ്ധീകരണ നിയമങ്ങൾ, ഉത്സവങ്ങളെക്കുറിച്ചുള്ള പ്രമാണങ്ങൾ തുടങ്ങിയവ നല്കി.

യുദ്ധത്തിനു പ്രാപ്തിയുള്ളവരുടെ എണ്ണം എടുക്കുന്നതിനു മോശെ നേതൃത്വം നല്കി. യിസ്രായേൽ പാളയത്തിന്റെ ക്രമീകരണവും സംവിധാനവും ചിട്ടപ്പെടുത്തി.

സമാഗമനകൂടാരത്തിന്റെ സ്ഥാനം യിസ്രായേൽ പാളയത്തിന്റെ നടുവിലായിരുന്നു. ഈജിപ്റ്റിലെ കടിഞ്ഞൂൽസംഹാരത്തിൽ നിന്നും വിടുവിക്കപ്പെട്ടതു കൊണ്ടു ആദ്യ ജാതന്മാർ യഹോവയ്ക്കുള്ളതായിരുന്നു. ആദ്യജാതന്മാർക്കു പകരം ലേവ്യരെ തിരഞ്ഞെടുത്തു. പ്രാകാരത്തിനു ചുറ്റും ലേവ്യർക്കു സ്ഥാനം നല്കി. സമാഗമനകൂടാരത്തിന്റെ പ്രവേശനത്തിനു മുമ്പിൽ കിഴക്കെ അറ്റത്തായിരുന്നു മോശെയുടെയും അഹരോന്റെയും സ്ഥാനം. പന്ത്രണ്ടു ഗോത്രങ്ങളെ മൂന്നുവീതം നാലു പാളയങ്ങളായി തിരിച്ചു. ഗോത്രങ്ങളുടെ നേതൃസ്ഥാനം യെഹൂദയ്ക്കായിരുന്നു.

ദൈവീകമായ നടത്തിപ്പും സമർത്ഥമായ സംവിധാനവും യിസ്രായേൽ പാളയത്തിലും യാത്രയിലും പ്രകടമായിരുന്നു. പകലും രാത്രിയും മേഘസ്തംഭത്തിലും അഗ്നി സ്തംഭത്തിലും ദൈവം തന്റെ ജനത്തെ മരുഭൂമിയിലൂടെ നടത്തി. ദൈവസാന്നിദ്ധ്യത്തിന്റെ അടയാളമാണ് മേഘസ്തംഭം. മിസ്രയീമ്യർ യിസ്രായേല്യരോടൊപ്പം എത്താതവണ്ണം അവരെ തടയുന്ന സന്ദർഭത്തിലാണ് മേഘസ്തംഭം ആദ്യം പ്രത്യക്ഷപ്പെട്ടത്. യിസ്രായേൽ പാളയമിറങ്ങുമ്പോൾ മേഘം സമാഗമനകൂടാരത്തിന്റെ മുകളിൽ നില്ക്കും. തലവന്മാരെ കൂട്ടിച്ചേർക്കുന്നതിനും ജനങ്ങൾക്കു അടയാളം നല്കുന്നതിനും വെള്ളിക്കാഹളങ്ങൾ നിർമ്മിച്ചു.

രണ്ടാംവർഷം രണ്ടാംമാസം ഇരുപതാം തീയതി മേഘം സമാഗമനകൂടാരത്തിൽ നിന്ന് ഉയർന്നപ്പോൾ ജനം സീനായിയിൽ നിന്നു യാത്ര പുറപ്പെട്ടു. തബേരായിൽ വച്ചു ജനം പിറുപിറുത്തു. യഹോവയുടെ കോപം ജ്വലിച്ചു അവരുടെ ഇടയിൽ തീ കത്തി. മോശെ പ്രാർത്ഥിച്ചപ്പോൾ തീ അണഞ്ഞു. ജനത്തിന്റെ ന്യായപാലനം മോശെയ്ക്കു ഭാരമായി തോന്നിയപ്പോൾ 70 മൂപ്പന്മാരെ നിയമിക്കുകയും മോശെയുടെ മേലുള്ള ആത്മാവിൽ കുറെ എടുത്തു അവരുടെമേൽ പകരുകയും ചെയ്തു. മിര്യാമും അഹരോനും മോശെയ്ക്കു വിരോധമായി സംസാരിച്ചു. ശിക്ഷിക്കപ്പെട്ട മിര്യാം കുഷ്ഠരോഗിണിയായിത്തീർന്നു. മോശെ പ്രാർത്ഥിച്ചപ്പോൾ അവൾ ശുദ്ധയായി.

പാരാൻ മരുഭൂമയിലെ കാദേശിൽ നിന്നും ഗോത്രപ്രതിനിധികളായ പ്രഭുക്കന്മാരെ കനാൻദേശം ഒറ്റുനോക്കുവാൻ മോശെ അയച്ചു. അവരിൽ പത്തുപേരും ദേശം നല്ലതാണെങ്കിലും കൈവശമാക്കുവാൻ പ്രയാസമാണെന്നു പറഞ്ഞു ജനത്തെ നിരുത്സാഹപ്പെടുത്തി. എന്നാൽ യോശുവയും കാലേബും ദേശത്തെക്കുറിച്ചു ശുഭവാർത്ത നല്കുകയും തങ്ങൾക്കു ദേശം കൈവശമാക്കുവാൻ കഴിയുമെന്നു ഉറപ്പായി പറയുകയും ചെയ്തു. മത്സരികളായ ജനത്തെ ദൈവം നശിപ്പിക്കുവാനൊരുങ്ങി. മോശെയുടെ അപേക്ഷയനുസരിച്ചു യഹോവ തന്റെ നിശ്ചയത്തിൽ നിന്നും പിന്മാറി. എന്നാൽ പുറപ്പാടിന്റെ കാലത്ത് 20 വയസ്സു കഴിഞ്ഞ ആരും കനാൻദേശത്തു പ്രവേ

ശിക്കയില്ലെന്നു യഹോവ അരുളിച്ചെയ്തു. അവർ എല്ലാം മരുഭൂമിയിൽ മരിക്കും; എന്നാൽ യോശുവയും കാലേബും കനാൻദേശത്തു പ്രവേശിക്കും. കോരഹ്, ദാഥാൻ, അബീരാം എന്നിവർ മോശെക്കും അഹരോനും വിരോധമായി മത്സരിച്ചു. ഭൂമി വായ് പിളർന്നു അവരെ വിഴുങ്ങി. തുടർന്നുണ്ടായ ന്യായവിധിയിൽ 14,700 പേർ മരിച്ചു. അഹരോന്റെയും ലേവിഗോത്രത്തിന്റെയും പ്രാമുഖ്യം വ്യക്തമാക്കുന്ന അടയാളം നല്കി. 12 ഗോത്രങ്ങളെ പ്രതിനിധാനം ചെയ്ത 12 വടികളിൽ ലേവിഗൃഹത്തിനുള്ള അഹരോന്റെ വടി മാത്രം തളിർത്തു പൂത്ത് ബദാം ഫലം കായ്ച്ചിരുന്നു. ഇങ്ങനെ അഹരോന്റെ പൗരോഹിത്യം ഭദ്രമായി.

ജനം കാദേശിൽ പാർത്തു. അവിടെവെച്ച് മിര്യാം മരിച്ചു. ജലം ലഭിക്കാത്തതുകൊണ്ട് ജനം കലഹിച്ചു. യഹോവ അഹരോനും മോശെയ്ക്കും പ്രത്യക്ഷനായി. ജനം കാൺകെ പാറയോടു കല്പിക്കുവാൻ കല്പിക്കേണ്ടതിനു പകരം മോശെ രണ്ടുപ്രാവശ്യം വടികൊണ്ടടിച്ചു. ജനത്തിനും കന്നുകാലികൾക്കും വേണ്ടുവോളം വെള്ളം ലഭിച്ചു. ദൈവകല്പന ലംഘിച്ചു പാറയെ അടിച്ചുകൊണ്ടു കനാൻദേശത്തു പ്രവേശിക്കുവാനുള്ള അനുവാദം മോശെയ്ക്കു നഷ്ടപ്പെട്ടു.

ഏദോംദേശത്തു പ്രധാനപാതയിലൂടെ കടന്നുപോകുവാൻ ഏദോം രാജാവു യിസ്രായേൽമക്കൾക്കു അനുവാദം നല്കിയില്ല. കാദേശിൽ നിന്നു പുറപ്പെട്ട ജനം ഹോർ പർവ്വതത്തിലെത്തി. അവിടെവെച്ച് പുറപ്പെട്ട ജനം മനസ്സു ക്ഷീണിച്ചു ദൈവത്തിനും മോശെക്കും വിരോധമായി സംസാരിച്ചു. തത്ഫലമായി അഗ്നിസർപ്പങ്ങൾ വന്നു യിസ്രായേല്യരെ കടിച്ചു അനേകം പേർ മരിച്ചു. യഹോവയുടെ കല്പനയനുസരിച്ച് മോശെ ഒരു താമ്രസർപ്പത്തെ ഉണ്ടാക്കി കൊടിമരത്തിൽ തൂക്കി. കടിയേറ്റവരിൽ താമ്രസർപ്പത്തെ നോക്കിയവർ ആരും മരിച്ചില്ല. ഈ സംഭവം ക്രൂശുമരണത്തിനു നിഴലായി ക്രിസ്തു തന്നെ വ്യക്തമാക്കി. (യോഹ 3:14-16)

അർന്നോൻ താഴ്വരയിലെത്തിയപ്പോൾ അമോര്യ രാജാക്കന്മാരായ സീഹോനും ഓഗും യുദ്ധത്തിനൊരുങ്ങി. അവരുടെ പ്രദേശങ്ങൾ പില്ക്കാലത്തു രൂബേനും ഗാദിനും മനശ്ശെയുടെ പാതിഗോത്രത്തിനും നല്കി. അമോര്യരുടെ ഭീഷണി മാറിയപ്പോൾ യിസ്രായേല്യർ താൽക്കാലികമായി മോവാഹ് സമഭൂമിയിൽ പാർത്തു. മോവാബ് രാജാവായ ബാലാക്ക് യിസ്രായേലിനെ നശിപ്പിക്കുവാൻ വേണ്ടി മെസപ്പൊത്താമ്യയിൽ നിന്നു ബിലെയാമിനെ കൊണ്ടുവന്നു. ദൈവത്തിന്റെ അരുളപ്പാടു മാത്രമേ സംസാരിക്കാവൂ എന്നു ബിലെയാമിനു കല്പന ലഭിച്ചിരുന്നു. സംസാരിച്ചപ്പോഴെല്ലാം ബിലെയാം യിസ്രായേൽജനത്തെ ശപിക്കുന്നതിനുപകരം അനുഗ്രഹിച്ചു. യിസ്രായേൽ ജനത്തെ വിഗ്രഹാരാധനയിലേക്കും ദുർന്നടപ്പിലേക്കും വശീകരിക്കുവാനുള്ള ഉപദേശം മോവാബ്യർക്കും മിദ്യാന്യർക്കും നല്കിയ ശേഷമാണ്

ബിലെയാം പോയത്. ബിലെയാമിന്റെ ഉപദേശമനുസരിച്ചു ദുർന്നടപ്പിലേക്കു വശീകരിക്കപ്പെട്ട യിസ്രായേല്യർ ആയിരക്കണക്കിനു മരിച്ചു. കുറ്റക്കാരായ തലവന്മാരെ വധിച്ചു. തുടർന്നുണ്ടായ യുദ്ധത്തിൽ ബിലെയാം മരിച്ചു (സംഖ്യാ 31:16).

രണ്ടാമത്തെ ജനസംഖ്യയെടുപ്പിനുള്ള ക്രമീകരണങ്ങൾ മോശെ ചെയ്തു. അതിന്റെ മേൽനോട്ടം മഹാപുരോഹിതനായ എലെയാസരിനായിരുന്നു. ഒന്നാമത്തേതിനെക്കാൾ കുറവായിരുന്നു യുദ്ധപ്രാപ്തരുടെ എണ്ണം. മോശെയുടെ അനന്തരഗാമിയായി യോശുവയെ നിയമിച്ചു. അവകാശത്തെ സംബന്ധിക്കുന്ന പ്രബോധനങ്ങൾ, ഉത്സവങ്ങൾ തുടങ്ങിയ കാര്യങ്ങളെക്കുറിച്ചു ചില വിശദീകരണങ്ങൾ എന്നിവ നല്കി. രൂബേൻ, ഗാദ്, മനശ്ശെയുടെ പാതിഗോത്രം എന്നിവർക്കു അവരുടെ പ്രത്യേക അപേക്ഷയനുസരിച്ചു യോർദ്ദാൻ കിഴക്കുഭാഗം അവകാശമായി കൊടുത്തു. യോർദ്ദാനക്കരെയുള്ള പ്രദേശം ആക്രമിച്ചു കീഴടക്കുന്നതിനു മറ്റു ഗോത്രങ്ങളെ സഹായിക്കാമെന്നു അവരിൽനിന്നും ഉറപ്പുവാങ്ങി. വിഗ്രഹാരാധികളായ തദ്ദേശവാസികളെ ബഹിഷ്കരിക്കണമെന്നു കർശനമായി കല്പിച്ചു. ദേശം വിഭാഗിച്ചു നല്കുന്നതിനു പന്ത്രണ്ടു ഗോത്രപ്രഭുക്കന്മാരെ നിയമിച്ചു. 48 പട്ടണങ്ങളും അവയ്ക്കു ചുറ്റുമുള്ള മേച്ചിൽ പുറങ്ങളും ലേവ്യർക്കു നല്കി. യാദൃച്ഛികമായ രക്തപാതകം നിമിത്തം ഒളിച്ചോടുന്നവനു സുരക്ഷയ്ക്കായി 48 ലേവ്യപട്ടണങ്ങളിൽ നിന്നു ആറെണ്ണം സങ്കേതനഗരങ്ങളായി വേർതിരിച്ചു.

നാല്പതു വർഷം മോശെ യിസ്രായേൽ ജനത്തെ നയിച്ചു. യോർദ്ദാൻ നദികടന്നു വാഗ്ദത്തനാട്ടിൽ പ്രവേശിക്കുവാൻ കല്പനയും പ്രതീക്ഷിച്ചു ജനം മോവാബിൽ കഴിയുകയായിരുന്നു. കനാനിൽ പ്രവേശിക്കുവാനുള്ള അവകാശം മോശെക്കു നഷ്ടപ്പെട്ടു കഴിഞ്ഞിരുന്നു (സംഖ്യാ 20:12) ദൈവത്തിന്റെ കല്പനയനുസരിച്ചു മോശെ ജനത്തെ അനുഗ്രഹിച്ചു. അനന്തരം നെബോപർവ്വതത്തിൽ പിസ്ഗാമുകളിൽ കയറിനിന്നു മോശെ വാഗ്ദത്തനാടുകണ്ടു. മോശെ മോവാബ് ദേശത്തുവെച്ചു മരിച്ചു. യോഹവ അവനെ മോവാബ് ദേശത്തു ബേത്ത്-പെയോരിനെതിരെയുള്ള താഴ്വരയിലടക്കി. അവന്റെ ശവക്കുഴിയുടെ സ്ഥലം ആർക്കും അറിവില്ല. 120-ാം വയസ്സിൽ മരിക്കുന്നതുവരെയും മോശെയുടെ കണ്ണു മങ്ങുകയോ ദേഹബലം ക്ഷയിക്കുകയോ ചെയ്തിട്ടില്ല. (ആ വർ 34:1-8)

**മോശെ എന്ന പുരുഷൻ :** യിസ്രായേൽജനത്തിന്റെ നായകനായിരുന്ന ഈ അത്ഭുതപുരുഷനെക്കുറിച്ചു യഹോവ നല്കിയ സാക്ഷ്യം 'മോശെ എന്ന പുരുഷനോ ഭൂതലത്തിലുള്ള സകല മനുഷ്യരിലും അതിസൗമ്യനായിരുന്നു' എന്നത്രേ (സംഖ്യാ 12:3).ഒരു വ്യക്തിയുടെ സ്വഭാവം വെളിപ്പെടുന്നതു വ്യക്തിയുടെ വാക്കുകളിലും പ്രവൃത്തികളിലും കൂടെയാണ്. സ്വന്തജനത്തിനു മോശെ നല്കിയ അന്തിമ ഭാഷണങ്ങ

ളിൽ മോശെയുടെ സ്വഭാവം വ്യക്തമായി പ്രതിഫലിക്കുന്നുണ്ട്. യിസ്രായേൽ ജനവുമായി ദൈവം ഉടമ്പടി ചെയ്ത ഹോരേബ് മുതലുള്ള യാത്രയെ പുനരവലോകനം ചെയ്തു. അവർ പിറുപിറുത്ത സ്ഥലങ്ങളെ പ്രത്യേകം ചൂണ്ടിക്കാണിച്ചു. പിറുപിറുപ്പു നിമിത്തമാണ് മിസ്രയീമിൽ നിന്നും പുറപ്പെട്ട തലമുറയ്ക്കു കനാൻദേശത്തു പ്രവേശിക്കുവാൻ കഴിയാതെ പോയത്. അമോര്യരുടെ മേലുള്ള വിജയം യോശുവയുടെ കീഴിൽ കനാനിലുള്ള ജയത്തെ ഉറപ്പാക്കി. രണ്ടാം പ്രഭാഷണത്തിൽ ദൈവത്തെ സ്നേഹിക്കുവാനും അനുസരിക്കുവാനും ജനത്തെ ഉദ്ബോധിപ്പിച്ചു. തുടർന്നു മോശെ ഒരു പാട്ടുപാടി. ഒടുവിലായി തന്റെ മരണത്തിനു മുമ്പു യിസ്രായേൽ ജനത്തെ അനുഗ്രഹിച്ചു.

മോശെ ഒരു യഥാർത്ഥനായകനായിരുന്നു. നായകത്വത്തിനു മോശയെ യോഗ്യനാക്കിത്തീർത്തത് ദൈവത്തിലുള്ള അചഞ്ചല വിശ്വാസവും ദൈവത്തോടുള്ള നിരന്തരസമ്പർക്കവും മിസ്രയീമിൽ തനിക്കു ലഭിച്ച പരിശീലനവും ജ്ഞാനവുമാണ്. സ്വന്തം ജീവിതത്തിൽ പലപ്പോഴും കടുത്ത പരീക്ഷണങ്ങൾക്കു മോശെ വിധേയനായിട്ടുണ്ട്. അവിശ്വസ്തരായ യിസ്രയേല്യർ ദൈവകല്പന ലംഘിക്കുന്നതിൽ ഒട്ടും പിന്നിലായിരുന്നില്ല. ഒരു തലവനെ തിരഞ്ഞെടുത്തു മിസ്രയീമിലേക്കു മടങ്ങിപ്പോകാൻവരെ അവർ ഒരുങ്ങി; സ്വന്തം കുടുംബാംഗങ്ങൾപോലും മോശെക്കു വിരോധമായി സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷേ അവയെല്ലാം സൗമ്യനായി സഹിക്കുകയും ക്ഷമിക്കുകയും ചെയ്തു. അവിശ്വസ്തരായ ജനത്തെ ദൈവം ശിക്ഷിക്കുമ്പോൾ ജനത്തിന്റെ മദ്ധ്യസ്ഥനായി മോശെ നിലകൊണ്ടു. ഇതിനൊക്കെയും മോശെ പ്രാപ്തനായതു വിശ്വാസത്താൽ അദൃശ്യദൈവത്തെ കണ്ടതുപോലെ ഉറച്ചുനിന്നതുകൊണ്ടുമാത്രമാണ്.

ഒരു പ്രവാചകനും നിയമദാതാവും എന്ന നിലയിൽ മോശെയുടെ സ്ഥാനം അദ്വിതീയമാണ്. ദൈവത്തിന്റെ സാക്ഷ്യം ഇത്ര വ്യക്തമായും സ്പഷ്ടമായും അവതരിപ്പിച്ച മറ്റൊരു പ്രവചാകനുമില്ല. ദൈവം മോശെയ്ക്കു നേരിൽ വെളിപ്പെട്ടു വിളിച്ച ദൗത്യം ഏല്പിക്കുകയാണ് ചെയ്തത്. മിസ്രയീമിലെ അടിമത്തത്തിൽ നിന്നും മോചിപ്പിക്കുന്നതോടൊപ്പം ദൈവഹിതം ജനത്തെ അറിയിക്കേണ്ടിയും ഇരുന്നു. മോശെയിലൂടെ നല്കിയ നിയമങ്ങൾ യിസ്രായേൽ ജനത്തിനു മാത്രമല്ല സർവ്വജനത്തിനും പ്രയോജനപ്പെടുമാറുള്ളതാണ്. അവ ജനത്തിന്റെ നൈതികവും സാമൂഹികവും ആത്മീയവുമായ ആവശ്യങ്ങൾക്കു പര്യാപ്തമായിരുന്നു. ഉടമ്പടിബദ്ധജനം എന്ന നിലയിൽ യിസ്രായേല്യരുടെ ചെറിയ ചലനങ്ങളും പ്രവൃത്തികളും പോലും ദൈവഹിതം കരുപ്പിടിപ്പിക്കേണ്ടതാണ്. ന്യായപ്രമാണത്തിലെ സിവിൽ നിയമങ്ങൾ അവിടവിടെയായി ലോകം മുഴുവൻ ചിതറിക്കിടക്കുന്നു.

*ഗ്രന്ഥപഞ്ചകത്തിന്റെ എഴുത്തുകാരൻ മോശെയാണ്. താഴെപ്പറയുന്ന ഭാഗങ്ങൾ ഗ്രന്ഥപഞ്ചകം മോശെ എഴുതിയതായി എടുത്തു പറഞ്ഞിട്ടുണ്ട്.*

*1. അമാലേക്കിന്റെ ഓർമ്മ (പുറ 17:14 "യഹോവ മോശെയോടു: നീ ഇതു ഓർമ്മക്കായിട്ടു ഒരു പുസ്തകത്തിൽ എഴുതി യോശുവയെ കേൾപ്പിക്ക; ഞാൻ അമാലേക്കിന്റെ ഓർമ്മ ആകാശത്തിന്റെ കീഴിൽനിന്നു അശേഷം മായിച്ചുകളയും എന്നു കല്പിച്ചു.")*

*2. പത്തുകല്പനകൾ (പുറ 24:12 "പിന്നെ യഹോവ മോശെയോടു: നീ എന്റെ അടുക്കൽ പർവ്വതത്തിൽ കയറിവന്നു അവിടെ ഇരിക്ക; ഞാൻ നിനക്കു കല്പലകകളും നീ അവരെ ഉപദേശിക്കേണ്ടതിന്നു ഞാൻ എഴുതിയ ന്യായപ്രമാണവും കല്പനകളും തരും എന്നു അരുളിച്ചെയ്തു, പുറ 34:27 "യഹോവ പിന്നെയും മോശെയോടു: ഈ വചനങ്ങളെ എഴുതിക്കൊൾക; ഈ വചനങ്ങൾ ആധാരമാക്കി ഞാൻ നിന്നോടും യിസ്രായേലിനോടും നിയമം ചെയ്തിരിക്കുന്നു എന്നു അരുളിച്ചെയ്തു.")*

*3.യഹോവയുടെ വചനങ്ങൾ (പുറ 24:4 "മോശെ യഹോവയുടെ വചനങ്ങളൊക്കെയും എഴുതി അതികാലത്തു എഴുന്നേറ്റു പർവ്വതത്തിന്റെ അടിവാരത്തു ഒരു യാഗപീഠവും യിസ്രായേലിന്റെ പന്ത്രണ്ടു ഗോത്രങ്ങളുടെ സംഖ്യക്കൊത്തവണ്ണം പന്ത്രണ്ടു തൂണും പണിതു.")*

*4. ന്യായപ്രമാണപുസ്തകം (യോശുവ 8:31 "യഹോവയുടെ ദാസനായ മോശെ യിസ്രായേൽമക്കളോടു കല്പിച്ചതുപോലെയും മോശെയുടെ ന്യായപ്രമാണപുസ്തകത്തിൽ എഴുയിരിക്കുന്നതുപോലെയും ചെത്തുകയോ ഇരുമ്പു തൊടുവിക്കയോ ചെയ്യാത്ത കല്ലുകൊണ്ടുള്ള ഒരു യാഗപീഠം തന്നെ.")*

*5. കല്പനകളും ചട്ടങ്ങളും എല്ലാം (ആവ 30:10 "നിന്റെ ദൈവമായ യഹോവയുടെ വാക്കു കേട്ടു ഈ ന്യായപ്രമാണപുസ്തകത്തിൽ എഴുതിയിരിക്കുന്ന അവന്റെ കല്പനകളും ചട്ടങ്ങളും പ്രമാണിക്കുകയും നിന്റെ ദൈവമായ യഹോവയുടെ അടുക്കലേക്കു പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടുംകൂടെ തിരികയും ചെയ്താൽ യഹോവ നിന്റെ പിതാക്കന്മാരിൽ പ്രസാദിച്ചിരുന്നതുപോലെ നിന്നിലും നന്മെക്കായിട്ടു വീണ്ടും പ്രസാദിക്കും.")*

*6. നിയമങ്ങൾ (ആവർ 24:1 "ഒരു പുരുഷൻ ഒരു സ്ത്രീയെ തിരഞ്ഞെടുത്തു വിവാഹം ചെയ്തശേഷം അവളിൽ ദൂഷ്യമായ വല്ലതും കണ്ടിട്ടു അവന്നു അവളോടു അനിഷ്ടം തോന്നിയാൽ ഒരു ഉപേക്ഷണപത്രം എഴുതി കയ്യിൽ കൊടുത്തു അവളെ വീട്ടിൽ നിന്നു അയക്കേണം.")*

*7. യിസ്രായേൽമക്കളുടെ മരുഭൂമി പ്രയാണരേഖ (സംഖ്യാ 33:2 "മോശെ യഹോവയുടെ കല്പനപ്രകാരം അവരുടെ പ്രയാണക്രമത്തിൽ അവരുടെ താവളങ്ങൾ എഴു*

*തിവെച്ചു; താവളം താവളമായി അവർ ചെയ്ത പ്രയാണങ്ങൾ ആവിതു:")*
*8. മോശെയുടെ പാട്ട് (ആവ 31:19, 22 "ആകയാൽ ഈ പാട്ടു എഴുതി യിസ്രായേൽമക്കളെ പഠിപ്പിക്ക; യിസ്രായേൽമക്കളുടെ നേരെ ഈ പാട്ടു എനിക്കു സാക്ഷിയായിരിക്കേണ്ടതിന്നു അതു അവർക്കു വായ്പാഠമാക്കിക്കൊടുക്കുക.")*

*പഴയനിയമത്തിൽ അനന്തരഭാഗത്ത് മോശെയുടെ പേര് അധികം ആവർത്തിക്കപ്പെടുന്നില്ല. സങ്കീർത്തനങ്ങളും പ്രവചാകന്മാരും മോശെയെ പ്രവാചകപ്രമുഖനായി പറയുന്നു. മറുരൂപമലയിൽ വച്ച് ക്രിസ്തുവിന്റെ മുമ്പിൽ മോശെയും ഏലീയാവും പ്രത്യക്ഷപ്പെട്ടു. ന്യായപ്രമാണം മോശെ മുഖാന്തരം ലഭിച്ചു എന്നു യോഹന്നാൻ എഴുതി (യോഹ 1:17) മോശെയുടെ മുഖത്തു പ്രകാശിച്ച ദൈവതേജസ്സിനെക്കുറിച്ചും മോശെ മൂടുപടം ധരിച്ചതിനെക്കുറിച്ചും പൗലോസപ്പോസ്തലൻ വ്യക്തമാക്കി. മോശെ ദൈവഭവനത്തിൽ വിശ്വസ്തനായ ദാസനായിരുന്നു. ക്രിസ്തുവോ അധികാരിയായ പുത്രനും.*

# പത്തുകല്പനകൾ

*ലോകം നീതിന്യായവ്യവസ്ഥിതിയിൽ വിശ്വസിക്കുന്നു. കാരണം അന്യായം അനേകം പേരുടെ ജീവന് ഹാനിയായിത്തീരും എന്നതിനാലാണ്. ലോകത്തിൽ ആദ്യമായി നീതിയോടുകൂടിയ ന്യായപാലന കല്പനകൾ ദൈവം തന്റെ തന്നെ കൈകൾ കൊണ്ടെഴുതി മോശയിലൂടെ യഹൂദജനതയ്ക്കു നല്കി. യഹൂദ ജനതയിൽ നിന്ന് ലോകം മുഴുവനും ലഭിച്ചു; അവ ഇന്നും തുടരുന്നു. ഈ നിത്യന്യായവ്യവസ്ഥിതിയുടെ ആധാരം പത്തുകല്പനയാണ്. ഈ പത്തുകല്പനയുടെ ചരിത്രം, സാഹചര്യം തുടങ്ങിയ വിശേഷങ്ങൾ നമുക്കു നോക്കാം:*
*പശ്ചാത്തലം : ന്യായപ്രമാണത്തിൽ (തോറാ) യെഹൂദന്മാർ അഭിമാനം കൊണ്ടിരുന്നു. (റോമ 9:4 "അവർ യിസ്രായേല്യർ; പുത്രത്വവും തേജസ്സും നിയമങ്ങളും ന്യായപ്രമാണവും ആരാധനയും വാഗ്ദത്തങ്ങളും അവർക്കുള്ളവ.") തെരെഞ്ഞെടുക്കപ്പെട്ട ജാതിക്ക് കൃപാദാനമായി ദൈവത്തിൽ നിന്നു ലഭിച്ച പ്രബോധനമാണത്. സൃഷ്ടാവിന്റെ ഹിതവും വിവേകവും തോറാ (ന്യായപ്രമാണം) ഉൾക്കൊള്ളുന്നു.*

*ജാതികളുടെ ദൃഷ്ടിയിൽ യിസ്രായേൽ ശ്രേഷ്ഠജാതി എന്നു കാണപ്പെടുന്നതിനു ഒരു സാക്ഷ്യത്തിനു കൂടിയായിരുന്നു ന്യായപ്രമാണം കൊടുത്തതു. ന്യായപ്രമാണത്തിന്റെ സത്തയും സാരാംശവുമാണ് പത്തുകല്പന. മനുഷ്യനു ദൈവത്തോടും സഹമനുഷ്യനോടും ഉള്ള ബന്ധത്തെ നിയന്ത്രിക്കുന്ന സംക്ഷിപ്തവും പ്രസ്പഷ്ടവുമായ വിധി നിഷേധങ്ങളാണവ.*

യിസ്രായേൽമക്കൾ മിസ്രയീം ദേശത്തുനിന്നു പുറപ്പെട്ടതിന്റെ മൂന്നാം മാസത്തിൽ അതേദിവസം അവർ സീനായി മരുഭൂമിയിൽ എത്തി....അവിടെ പർവ്വതത്തിനു എതിരെ പാളയമിറങ്ങി. ദൈവകല്പന സ്വീകരിക്കുന്നതിനു രണ്ടുദിവസം തങ്ങളെ ത്തന്നെ ശുദ്ധീകരിച്ചു വസ്ത്രം അലക്കി കാത്തിരിക്കുവാൻ യിസ്രായേൽമക്കളോടു യഹോവ കല്പിച്ചു. (പുറ 19:10-11) മൂന്നാംദിവസം യഹോവ സകലജനവും കാൺകെ സീനായിപർവ്വതത്തിൽ ഇറങ്ങി. മൂന്നാംദിവസം നേരം വെളുത്തപ്പോൾ ഇടിമുഴക്കവും മിന്നലും പർവ്വതത്തിൽ കാർമേഘവും മഹാഗംഭീരമായ കാഹളധ്വനിയും ഉണ്ടായി. യഹോവ അഗ്നിയിൽ സീനായി പർവ്വതത്തിൽ ഇറങ്ങുകയാൽ അതു മുഴുവനും പുകകൊണ്ടു മൂടി പർവ്വതം ഏറ്റവും കുലുങ്ങി. മോശെ നാല്പതു ദിവസം പർവ്വത ത്തിൽ ആയിരുന്നു. (പുറ 24:18) ദൈവം മോശെയോടു അരുളിചെയ്തുതീർന്നശേഷം തന്റെ വിരൽ കൊണ്ടെഴുതിയ കല്പലകകൾ മോശെയെ ഏല്പിച്ചു. പലക ദൈവ ത്തിന്റെ പണിയും ഇരുവശവും എഴുതിയതും ആയിരുന്നു: (പുറ 32:15) ജനം സ്വർണ്ണ കാളക്കുട്ടിയെ ആരാധിക്കുന്നതു കണ്ടു മോശെ കോപിച്ചു കല്പലകകൾ പർവ്വത ത്തിന്റെ അടിവാരത്തുവച്ചു എറിഞ്ഞു പൊട്ടിച്ചുകളഞ്ഞു. അനന്തരം രണ്ടു കല്പല കകൾ മോശെ ഉണ്ടാക്കി, ദൈവം അവയിൽ കല്പനകൾ എഴുതിക്കൊടുത്തു. (പുറ 34:28).

പേര് : പത്തുകല്പനകൾക്ക് യവനസഭാപിതാക്കന്മാർ നല്കിയ പേരാണ് ഡെക ലൊഗു. എബ്രായയിൽ ഹദ്ദ്‌വാറീം അസെറെത് എന്നു വിളിക്കുന്നു. അതിന്നു പത്തു വാക്കുകൾ എന്നർത്ഥം. സാക്ഷ്യത്തിന്റെ പലക (പുറ 34:29 ) നിയമത്തിന്റെ പലക കൾ (ആവ 9:9), നിയമം (ആവ 4:13 ) എന്നീ പേരുകളുണ്ട്. പുതിയനിയമത്തിൽ കല്പനകൾ (എൻടൊ ലായ്) എന്നത്രേ വിളിക്കുന്നത്. (മത്തായി 19:17).

**കല്പനകളുടെ നിസ്തുല്യസ്വഭാവം :** തിരഞ്ഞെടുക്കപ്പെട്ട ജനവുമായി ദൈവം ചെയ്ത നിയമത്തിന്റെ പ്രസ്താവനയാണ് പത്തുകല്പനകൾ. ഇതു മോശീ യനിയമം എന്നറിയിപ്പെടുന്ന വിശദമായ നിയമവ്യവസ്ഥയിൽ നിന്നും ഭിന്നമാണ്. നിയമബദ്ധമായ പത്തുകല്പനകളുടെ നിർവ്വഹണത്തിനുവേണ്ടി നല്കിയ പൗരസം ബന്ധവും, ശിക്ഷാസംബന്ധവും, നിയമനിർവ്വഹണപരവും, മാർഗ്ഗീയവുമായി നിയ മവ്യവസ്ഥയാണ് മോശീയനിയമം. പത്തുകല്പനകളിൽ ഉള്ളടങ്ങിയിരിക്കുന്ന മഹ ത്തായ തത്വത്തിലേക്കു ജനത്തെ നയിക്കേണ്ടതിനാണ് വിശാലമായ നിയമവ്യവ സ്ഥയ്ക്കു രൂപം നല്കിയത്. ആ വ്യവസ്ഥ കാലികം മാത്രമായിരുന്നു. എന്നാൽ പത്തുകല്പന ശാശ്വതമാണ്. കല്പന നൽകിയ പശ്ചാത്തലം അതിന്റെ അനുപമ സ്ഥാനത്തെ വെളിപ്പെടുത്തുന്നു. മറ്റു നിയമങ്ങളെല്ലാം മോശെയുടെ അധരങ്ങളിലൂ

ടെയാണ് ദൈവം നല്കിയത്. അഭൂതപൂർവ്വമായ തേജസ്സിന്റെയും മഹത്വത്തിന്റെയും ഭീതിദമായ പ്രകാശനത്തോടെ ദൈവം തന്നെയാണ് പത്തുകല്പന സംസാരിച്ചത്. (പുറ 19). ഈ പ്രമാണം നല്കുമ്പോൾ ദൂതന്മാരും രംഗത്തുണ്ട്. ദൈവം തന്റെ കൈവിരലുകൾ കൊണ്ടു ഈടുറ്റ കല്പലകകളിൽ കല്പന എഴുതിക്കൊടുക്കുകയായിരുന്നു. കല്പലക അതിന്മേൽ എഴുതപ്പെട്ട കല്പനകളുടെ ശാശ്വതികത്വവും ഇരുവശങ്ങളിലും എഴുതിയത് അതിന്റെ പൂർണ്ണതയെയും കാണിക്കുന്നു. പത്തുകല്പനകളുടെ വൈശിഷ്ട്യത്തിനു നിദാനമായി മറ്റൊരു വസ്തുത കൂടിയുണ്ട്. ഈ ലോകത്തിലെ ഏറ്റവും പരിശുദ്ധമായ സ്ഥാനത്തു അതായത് സമാഗമനകൂടാരത്തിന്റെ അതിവിശുദ്ധസ്ഥലത്തു സാക്ഷ്യപ്പെട്ടകത്തിൽ ആണ് കല്പലകകൾ സൂക്ഷിച്ചത്.

(1) ഞാനല്ലാതെ അന്യദൈവങ്ങൾ നിനക്ക് ഉണ്ടാകരുത്.

(2) വിഗ്രഹം ഉണ്ടാക്കരുത്. മീതെ സ്വർഗ്ഗത്തിൽ എങ്കിലും താഴെ ഭൂമിയിൽ എങ്കിലും ഭൂമിക്കു കീഴെ വെള്ളത്തിൽ എങ്കിലും ഉള്ള യാതൊന്നിന്റെയും പ്രതിമ അരുത്. അവയെ നമസ്കരിക്കുകയോ സേവിക്കുകയോ ചെയ്യരുത്.

(3) നിന്റെ ദൈവമായ യഹോവയുടെ നാമം വൃഥാ എടുക്കരുത്.

(4) ആറുദിവസം അദ്ധ്വാനിച്ചു നിന്റെ വേല ഒക്കെയും ചെയ്കു. എന്നാൽ ശബത്തുനാളിനെ ശുദ്ധീകരിപ്പാൻ ഓർക്ക.

(5) നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക.

(6) കൊല ചെയ്യരുത്

(7) വ്യഭിചാരം ചെയ്യരുത്

(8) മോഷ്ടിക്കരുത്

(9) കള്ളസാക്ഷി പറയരുത്

(10) മോഹിക്കരുത്

നമ്മുടെ വാഴ്ത്തപ്പെട്ട കർത്താവ് പത്തുകല്പനകളെ പുതിയ നിയമത്തിന്റെ വെളിച്ചത്തിൽ വിശദമായി വ്യാഖ്യാനിച്ചു - മത്തായി 5, 6, 7 അദ്ധ്യായങ്ങൾ. ദൈവം അനുവദിച്ചാൽ അടുത്ത ലക്കം അത് വിശദമായി കാണാം.

## ശ്രദ്ധയ്ക്ക്

ഓൺലൈൻ വഴിയായി കൂട്ടായ്മകൾ നല്കുന്നവർ ഓരോ സമയവും നിങ്ങളുടെ മുഴുവൻ വിലാസവും, തുകയും, ബാങ്ക് വിവരങ്ങളും, തിയതിയും ഉടനെ തന്നെ അയച്ച് സഹകരിക്കുക.

# *1800 വർഷങ്ങളിലെ ചരിത്രങ്ങളിലൂടെ യിസ്രായേൽ*

***യെഹൂദന്മാരെ വെറുക്കാനും ഉപദ്രവിക്കാനുമുള്ള കാരണം :*** *കർത്താവായ യേശുക്രിസ്തുവിനെ വളരെ ക്രൂരമായി കൊലപ്പെടുത്തിയ യഹൂദന്മാരെ അതുപോലെ തന്നെ തിരിച്ച് ഉപദ്രവിക്കണം എന്നത് കത്തോലിക്കാസഭയുടെ പ്രബോധനമായിരുന്നു. ഈ ഉപദേശത്തിന്റെ വെളിച്ചത്തിലാണ് കത്തോലിക്കാ മതത്തിന് മേൽക്കോയ്മയുള്ള യൂറോപ്യൻ രാജ്യങ്ങൾ മുഴുവൻ യഹൂദന്മാരെ തെറ്റായി ചിന്തിച്ച് പഠിപ്പിച്ചതനുസരിച്ച് യഹൂദന്മാരെ ഉപദ്രവിച്ചതിന് ക്ഷമിക്കണമെന്ന് അഭ്യർത്ഥിച്ചത് വായനക്കാർ ഓർക്കുമല്ലോ.*

*ദൈവകല്പനകൾകേട്ട് പ്രമാണിച്ച് നടന്നാൽ ദൈവജനം അനുഗ്രഹിക്കപ്പെടുമെന്നും, അല്ലാത്തപക്ഷം എല്ലാവഴികളും ശപിക്കപ്പെടുമെന്നും യിസ്രായേലിന്റെ ചരിത്രത്തിൽക്കൂടി ഗ്രഹിക്കാം.*

*മശിഹായെ തിരസ്കരിച്ചതിന്റെ കയ്പേറിയ ഫലങ്ങൾ യിസ്രായേൽ ഭരിച്ച റോമൻ ചക്രവർത്തിമാർ അനുഭവിച്ചു. എ.ഡി.135 മുതൽ 1948 വരെ യഹൂദന്മാർ അവർ ചിതറി പാർത്തിരുന്ന സ്ഥലങ്ങളിൽ അനുഭവിച്ച പീഡനങ്ങളും ക്ലേശങ്ങളും അവർണ്ണനീയമത്രേ.*

*എ.ഡി.135 മുതൽ 312 വരെ യഹൂദന്മാർ ചിതറി പാർത്തിരുന്ന സ്ഥലങ്ങളിൽ അല്പാല്പമായി തഴച്ചിരുന്നു. അവർ അവിടവിടെ ഉണ്ടായിരുന്ന ജനതകളോട് ചേർന്ന് ക്രിസ്തീയസഭയെ ഉപദ്രവിച്ചുകൊണ്ടിരുന്നു. എന്നാൽ എ.ഡി.312-ൽ കുസ്തന്തിനോസ് ചക്രവർത്തി, ക്രിസ്തീയമതാവലംബിയായതോടുകൂടി സ്ഥിതിഗതികൾ വ്യത്യാസപ്പെട്ടു. യഹൂദന്മാർ പീഡിപ്പിക്കപ്പെടുവാൻ തുടങ്ങി. റോമാസാമ്രാജ്യത്തിന്റെ അധഃപതനത്തിനുശേഷം അതിന്റെ ശൂന്യശിഷ്ടങ്ങളിൽ നിന്നും ഉയർന്നുവന്ന യൂറോപ്യൻ രാജ്യങ്ങളിൽ യഹൂദന്മാർ താവളമുറപ്പിച്ചു. എന്നാൽ ആ രാജ്യക്കാരെല്ലാവരും തന്നെ അവരെ നിന്ദയോടും വെറുപ്പോടും കൂടി ഉപദ്രവിച്ചുകൊണ്ടിരുന്നു. എ.ഡി.1020 മുതൽ 1272 വരെ ഇംഗ്ലണ്ടിൽ അവിടുത്തെ രാജാക്കന്മാർ വളരെ ക്രൂരമായി യഹൂദന്മാരെ പീഡിപ്പിച്ചു. ഒന്നാമത്തെ കുരിശുയുദ്ധകാലത്ത് അനേകം യഹൂദന്മാർ വധിക്കപ്പെട്ടു. 1190-ൽ അനേകം യഹൂദന്മാർ യോർക്കുകോട്ടയിൽ അടയ്ക്കപ്പെടുകയും ഭീകരമായ വിധത്തിൽ അഗ്നിക്കിരയാക്കപ്പെടുകയും ചെയ്തു. പിന്നീടുള്ള നാലു നൂറ്റാണ്ടുകളിൽ യഹൂദന്മാർക്ക് അവിടെ പ്രവേശനം അനുവദിച്ചിരുന്നില്ല. ഫ്രാൻസിൽ 1306 മുതൽ 1723 വരെയും ജർമ്മനിയിൽ 1348 മുതൽ 1560 വരെയും അവർ വളരെ*

പീഡിപ്പിക്കപ്പെട്ടു. സ്പെയിൻ, ഇറ്റലി, റഷ്യ മുതലായ മറ്റു രാജ്യങ്ങളിലും സ്ഥിതി വ്യത്യസ്തമായിരുന്നില്ല. റഷ്യയിലെ അവസാനത്തെ സാർ ചക്രവർത്തി (നിക്കൊലാസ്) അവരോട് ചെയ്ത കഠോരകൃത്യങ്ങൾ രോമാഞ്ചം കൂടാതെ ഓർക്കുവാൻ പോലും കഴിയുന്നില്ല. കൊടിൽകൊണ്ട് നാവു പറിച്ചെടുക്കുക, കണ്ണ് ചൂഴ്ന്നു കളയുക മുതലായ അംഗഛേദനങ്ങൾ അദ്ദേഹത്തിന്റെ ക്രൂരവിനോദമായിരുന്നു. കമ്മ്യൂണിസ്റ്റു റഷ്യയിലും യഹൂദന്മാർ ഭയങ്കരമായ ഉപദ്രവങ്ങൾക്കും വിധേയമായി. ഹിറ്റ്ലർ യഹൂദന്മാരെ ഉപദ്രവിയ്ക്കുവാൻ കാരണം : തന്റെ സ്വന്തം രാജ്യത്തിലെ ജനങ്ങൾ വിദ്യാഭ്യാസത്തിലും തൊഴിൽ വൈദഗ്ദ്ധ്യത്തിലും, സമ്പത്തിലും വളരെ പിന്നാലായെന്നും, വിദേശത്തു നിന്ന് ജീവിക്കാൻ കടന്നുവന്ന യഹൂദന്മാർ എല്ലാ രംഗങ്ങളിലും മേൽക്കോയ്മ നേടി എന്നുള്ള വികാരമാണ് ഈ അരുംകൊലകൾ ചെയ്യാൻ ഹിറ്റ്ലറെ പ്രേരിപ്പിച്ചത്. 1936–ൽ ജർമ്മനിയിൽ ഹിറ്റ്ലർ ആരംഭിച്ച സംഹാരമുറകൾ ഭയങ്കരമായിരുന്നു. അവരുടെ വസ്തുവകകൾ അപഹരിക്കുകയും, അനേകരെ ഭീകരമായി കൊലപ്പെടുത്തുകയും ചെയ്തു. അറുപതുലക്ഷം യഹൂദന്മാർ ഹിറ്റ്ലറിന്റെ കാലത്തുതന്നെ ജർമ്മനിയിൽ വധിക്കപ്പെട്ടു. അറബി രാജ്യങ്ങളിലും യഹൂദന് സുരക്ഷിതത്വം ഉണ്ടായിരുന്നില്ല. എന്നാൽ നവീകരണ കാലത്തെ തുടർന്ന് സുവിശേഷത്തിന് ഇംഗ്ലണ്ട്, ജർമ്മനി, അമേരിക്ക മുതലായ രാജ്യങ്ങളിൽ സ്വാതന്ത്ര്യം കൈവന്നതോടുകൂടി ആ രാജ്യങ്ങളിൽ യഹൂദനോടുള്ള മനോഭാവം വ്യത്യാസപ്പെട്ടു തുടങ്ങി.

**സീയോൻ സംഘം :** എ.ഡി.135–ൽ സ്വദേശത്തുനിന്നും പരിപൂർണ്ണമായി നിഷ്ക്കാസിതരായ യിസ്രായേൽ (യഹൂദൻ) വിവിധ രാജ്യങ്ങളിൽ കഠിനമായ പീഡനങ്ങൾ അനുഭവിച്ചുകൊണ്ട് നൂറ്റാണ്ടുകൾ തള്ളിനീക്കി. പിതൃദേശത്തെക്കുറിച്ചുള്ള സ്നേഹം അവരുടെ ഉള്ളിൽ വളർന്നുകൊണ്ടേയിരുന്നു. 1897–ൽ സ്വിറ്റ്സർലണ്ടിൽവച്ച് യഹൂദന്മാരുടെ ഒരു അഖിലലോക കൗൺസിൽ നടന്നു. അവിടെവച്ച് യഹൂദന്റെ പിതൃദേശമായ പലസ്തീൻ തിരികെ ലഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി സീയോൻസംഘം എന്നൊരു സംഘടന രൂപീകരിക്കപ്പെട്ടു. ഇതിന് നേതൃത്വം നൽകിയത് “തിയഡോർ ഹെഴ്സൻ” എന്ന യഹൂദ നേതാവായിരുന്നു. സീയോൻസംഘം തിരഞ്ഞെടുത്ത അവരുടെ പ്രതിനിധികൾ തുർക്കി സുൽത്താനെ കണ്ട്, പലസ്തീൻ തങ്ങൾക്ക് വിലയ്ക്ക് നൽകണമെന്നഭ്യർത്ഥിച്ചു. കുടിയേറി പാർക്കുന്നതിനുള്ള അവകാശമെങ്കിലും നൽകണമെന്നപേക്ഷിച്ചു. നീലനദിയിലെ വെള്ളം വടക്കോട്ടൊഴുകി പലസ്തീനിൽ എത്തുന്ന കാലത്ത് രാജ്യം തന്നുകൊള്ളാമെന്നായിരുന്നു സുൽത്താന്റെ നിന്ദാപൂർവ്വമായ മറുപടി.

**ഒന്നാംലോകമഹായുദ്ധം :** 1914-ൽ ഒന്നാംലോകമഹായുദ്ധം പൊട്ടിപുറപ്പെട്ടു. ബ്രിട്ടനും ജർമ്മനിയുമായിരുന്നു പ്രധാന എതിരാളികൾ. അതുവരെ ബ്രിട്ടന്റെ പക്ഷത്തായിരുന്നു തുർക്കി ഈ യുദ്ധത്തിന് അല്പം മുമ്പ് മറുപക്ഷം ചേർന്നു യുദ്ധം തുടർന്നു. ബ്രിട്ടനിലെ ഒരു യഹൂദശാസ്ത്രജ്ഞനായിരുന്നു ഡോ.ചെയിം വെയ്സ്മാൻ യുദ്ധത്തിനു വളരെയധികം സഹായകരമായ ഒരു സ്ഫോടകവാതകം കണ്ടുപിടിച്ചു. ഇത് യുദ്ധത്തിൽ വ്യാപകമായി ഉപയോഗിക്കപ്പെടുകയും ചെയ്തു. 1917 ഡിസംബറിൽ ജനറൽ അല്ലൻ ബി എന്ന യഹൂദ ക്രിസ്ത്യാനിയായ സേനാധിപന്റെ നേതൃത്വത്തിൽ ബ്രിട്ടീഷ്പട്ടാളം അലക്സാന്ഡ്രായിൽ നിന്ന് യെരുശലേമിലേക്ക് നീങ്ങി. അവർക്ക് ആവശ്യമായിരുന്ന ജലം നീലനദിയിൽ നിന്ന് പൈപ്പുമാർഗ്ഗം വടക്കോട്ടൊഴുകി. അല്ലൻ ബിയുടെ സൈന്യം യെരുശലേമിൽ എത്തി. അദ്ദേഹം ഒരു വെടിപോലും വെയ്ക്കാതെ തുർക്കികളെ കീഴടക്കുകയും യെരുശലേം കൈവശപ്പെടുത്തുകയും ചെയ്തു. ഒന്നാം ലോകമഹായുദ്ധത്തിൽ വിജയികളായ ബ്രിട്ടീഷുകാർ വയ്സ്മാനോടു വളരെ നന്ദിയുള്ളവരായിരുന്നു. തനിക്ക് എന്താനുകൂല്യവും ചെയ്യുവാൻ സന്നദ്ധനായ പ്രധാനമന്ത്രിയോട് തന്റെ ഏക അപേക്ഷ അംഗീകരിക്കുകയും 'ബാൽഫർ' വിളംബരെ എന്നറിയപ്പെടുന്ന ഉത്തരവനുസരിച്ച് യഹൂദന് പലസ്തീനിൽ കുടിയേറി പാർക്കുന്നതിന് നിയമപരമായ അവകാശം നല്കുകയും ചെയ്തു. പലസ്തീനിൽ ബ്രിട്ടീഷ് മാൻഡോറ്ററി ഭരണം ഏർപ്പെടുത്തി. ഇതിനുശേഷം 1920 മുതൽ യഹൂദന്മാർ പലസ്തീനിൽ കൂട്ടംകൂട്ടമായി കുടിയേറി പാർത്തുതുടങ്ങി.

എന്നാൽ പീന്നീട് അറബികളുടെ എതിർപ്പുമൂലം ബ്രിട്ടീഷുകാർ യഹൂദന്മാരുടെ വരവ് നിയന്ത്രിക്കുകയാൽ കുടിയേറ്റം മന്ദീഭവിച്ചു.

**രണ്ടാംലോകമഹായുദ്ധവും യിസ്രായേൽ രാഷ്ട്രവും :** 1939 മുതൽ 45 വരെ നീണ്ടുനിന്ന രണ്ടാംലോകമഹായുദ്ധത്തിലും ബ്രിട്ടൻ ഉൾപ്പെടെയുള്ള സംഖ്യകക്ഷികൾ വിജയിച്ചു. ബ്രിട്ടീഷ് മാൻഡേറ്ററി ഭരണത്തിലായിരുന്ന പലസ്തീനിൽ അറബികളും യഹൂദന്മാരും തമ്മിൽ ഉഗ്രസംഘട്ടനങ്ങൾ നടന്നുകൊണ്ടിരുന്നു. ഒടുവിൽ ഐക്യരാഷ്ട്രസമിതിയുടെ തീരുമാനപ്രകാരം പലസ്തീനെ രണ്ടായി ഭാഗിച്ചു ഒരു ഭാഗം അറബികൾക്കും ഒരു ഭാഗം യിസ്രായേലിനും വിട്ടുകൊടുത്തു. അറബികൾ ഈ നിർദ്ദേശത്തെ പൂർണ്ണമായി അംഗീകരിച്ചില്ല. 1948 മെയ് 14-ാം തിയതി സൂര്യൻ അസ്തമിച്ച്, അർദ്ധരാത്രിയായപ്പോൾ ഡോ.വെയ്സ്മാന്റെ അദ്ധ്യക്ഷതയിൽ യിസ്രായേൽ രാഷ്ട്രം പ്രഖ്യാപിതമായി. പ്രധാനമന്ത്രിയായ ബെൻ ഗൂറിയോൻ ഒരു പ്രക്ഷേപണിയിൽകൂടെ യിസ്രായേൽ രാഷ്ട്രം ഉദ്ഘാടനം ചെയ്തു പ്രസംഗിച്ചു. യിസ്രായേൽ രാഷ്ട്രത്തെ ഇല്ലായ്മ ചെയ്യുന്നതിന് അന്നുമുതൽ ഈജിപ്റ്റും മറ്റു അറബിരാഷ്ട്രങ്ങളും അനേകം വമ്പിച്ച ആക്രമണങ്ങൾ നടത്തിയെങ്കിലും ദൈവം

*അത്ഭുതകരമായി യിസ്രായേലിന് വിജയം നല്കി, യിസ്രായേൽ എന്ന രാഷ്ട്രശിശു വളരുന്നതിനിടയാക്കി, ഏതാനും വർഷങ്ങൾക്കുള്ളിൽ ഈ പുതിയ രാഷ്ട്രത്തിന് ഐക്യരാഷ്ട്രസംഘടനയിൽ അംഗത്വം ലഭിക്കുന്നതിനും പല രാജ്യങ്ങളുടെ സമിതികളിൽ അംഗത്വങ്ങൾ ആർജ്ജിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. ദൈവത്തിന്റെ പദ്ധതി അനുസരിച്ച് പ്രവചനങ്ങളുടെ നിവൃത്തിയായിട്ടത്രേ ഇവയെല്ലാം സംഭവിച്ചത്.*

*യിസ്രായേൽ ദൈവവഴിവിട്ടു നടന്നതിന്റെ ഫലം വളരെ കയ്പേറിയതായിരുന്നു. എങ്കിലും ദൈവം അവരെ കൈവിട്ടില്ല. തക്കസമയത്ത് യഥാസ്ഥാനത്തിനുള്ള വഴികൾ ഒരുക്കി. ദൈവജനം ഇത് വളരെ ശ്രദ്ധിക്കേണ്ട ഒരു വിഷയമത്രേ. നാം ദൈവവഴി വിട്ടുനടന്നാൽ ഭയങ്കരമായ അഗ്നിശോധനയിൽ കൂടി കടക്കേണ്ടിവരും. അത് നമ്മെ അനുതാപത്തിലേക്ക് നടത്തുന്നതിനാണ്. നാം അനുതപിച്ച് അവനിലേക്ക് അടുത്തുവരുമെങ്കിൽ ദൈവം നമ്മുടെ പാപങ്ങൾ ക്ഷമിച്ച് നമ്മെ യഥാസ്ഥാനപ്പെടുത്തുകയും എല്ലാം കഷ്ടതകളിൽ നിന്നും വിടുവിക്കുകയും ചെയ്യും.*

*നാം ഇന്ന് കാണുന്ന യിസ്രായേൽ രാഷ്ട്രം ഒരു ദിവസത്തിൽ ഇങ്ങനെയുള്ള സ്ഥിതിയിൽ ആയതല്ല. നീണ്ട 5000 വർഷങ്ങളുടെ ചരിത്രം യഹൂദ ജനതയ്ക്കുണ്ട്. ഒരു വ്യക്തിയിൽ നിന്ന് കുടുംബമായി, കുലമായി, ഗോത്രമായി, ജനതയായി, രാഷ്ട്രമായിത്തീർന്ന യിസ്രായേൽ ജനതയുടെ ചരിത്രം ആവേശജനകമാണ്.*

*ഒരു രാഷ്ട്രത്തിന്റെ മൊത്തം വിശ്വാസത്തെ ചോദ്യം ചെയ്തുകൊണ്ട് ഏകനായി, നിന്ദ്യനായി, പരദേശിയായി നാടും വീടും കൂടും വിട്ടലഞ്ഞ വിശ്വാസത്തിന്റെ വീരനായകനാണ് അബ്രഹാം. ദൈവം അബ്രഹാമിന്റെ വിശ്വാസത്തെ, തീരുമാനത്തെ, പ്രവൃത്തിയെ മാനിച്ചു. ഓരോനാളും യിസ്രായേൽ ജനത്തെ വളർത്തി വലുതാക്കി. പക്ഷേ എപ്പോഴൊക്കെ ദൈവവഴി വിട്ടകന്നുവോ അപ്പൊഴോക്കെ ഒരു തിരിച്ചുവരവിനായി ദൈവം തന്റെ ദൂതുവാഹികളെ (പ്രവാചകന്മാരെ) അയച്ചു. പ്രവാചകന്മാരിലെ ശ്രേഷ്ഠനാണ് മോശെ. ഒരു വ്യക്തിക്കും, കുടുംബത്തിനും, രാഷ്ട്രത്തിനും മുഴുവനുമായി എല്ലാക്കാല ത്തേക്കുമുള്ള ദൂത് അറിയിക്കുവാൻ കഠിന ശോധനകളിലൂടെ ഒരു വ്യക്തിയെ വാർത്തെടുക്കാൻ ദൈവം പദ്ധതിയിട്ടു. അങ്ങനെ തീയിൽ കുരുത്ത കുരു (വിത്ത്) വാണ് മോശെ. മോശെ മൂന്ന് തലമുറകളെക്കണ്ട വ്യക്തിയാണ്. ഏക ദൈവ ബഹുദൈവവിശ്വാസികളെ ക്കണ്ട വ്യക്തിയാണ്. വിവിധ ഭാഷാ, സംസ്കാരരീതികളുള്ള ജനങ്ങളെക്കണ്ട വ്യക്തിയാണ്. ഈ അറിവും അനുഭവവും നൂറ്റാണ്ടുകൾ കടന്നും നിലനില്ക്കുന്ന യഹൂദജനതയ്ക്ക് മാർഗ്ഗദർശിയായി, വഴികാട്ടിയായി നില്ക്കുവാനുള്ള ദൂതായ പഴയനിയമം/ന്യായപ്രമാണം എഴുതുവാൻ മോശെയെ പ്രാപ്തനാക്കി. ഈ ആമുഖത്തിൽ നിന്ന് ഇസ്രായേൽ ജനതയെയും അവരുടെ രാഷ്ട്രനായകനെയും കാണാം!*

**TIRUNELVELI DIOCESE (A Unit of TDTA)**

(Inc, Under Companies Act. Ministry of Company affairs, Government of India)

CIN : U93090TN1956GAD003009

Registered Office : No.5, Punithavathiar Street, Palayamkottai - 627002

Tirunelveli, Tamil Nadu.

Ph : 0462 - 2561682, E-mail : tdtacsitirunelveli @gmail.com


# *തിരുനെൽവേലി മഹായിടവക കൺവെൻഷൻ* (TDTA) *2018*




*25 വർഷങ്ങൾക്കു ശേഷം തിരുനെൽവേലി മഹായിടവക കൺവെൻഷൻ യോഗങ്ങൾ നടത്തുവാൻ ഭാരവാഹികൾ തീരുമാനിച്ചു. തമിഴ്നാട്ടിലെ പ്രശസ്ത മായ* Sarah Tucker Women College, Tirunelveli *ഗ്രൗണ്ടിൽ വച്ച് യോഗങ്ങൾ നടന്നു. തിരു നെൽവേലി ഡയോസിസ് തൂത്തുക്കുടി ഡയോസിസായി രണ്ടായി വിഭജിക്കപ്പെടു ന്നതിന് മുമ്പ് ഇതിനേക്കാൾ വലിയ ഗ്രൗണ്ടിൽ നടന്ന മഹായിടവക കൺവെൻഷ നിലും ഞാൻ പ്രസംഗിച്ചിട്ടുണ്ട്. മഹായിടവക കൺവെൻഷന്റെ ഉദ്ദേശം എല്ലാ സഭ കളുടെയും സംഗമവും ഐക്യപ്രതിഫലനവുമാണ്. മഹായിടവക കൺവെൻഷൻ നടക്കുന്ന ആ ദിനങ്ങളിൽ സഭകളിൽ യോഗമോ, മറ്റു പരിപാടികളോ മറ്റു സഭക ളിൽ സംഘടിപ്പിക്കുകയില്ല.*

# TDTA - TIRUNELVELI DIOCESE TRUST ASSOCIATION

*സി.എസ്.ഐയിൽ നിന്ന് പിരിഞ്ഞശേഷം കമ്പനി നിയമപ്രകാരം റ്റി.ഡി.റ്റി.എ ആയി രജിസ്ട്രർ ചെയ്ത് എല്ലാ സഭകളും ചേർന്ന് (700 സഭകളിൽ 14 സഭകൾ ഒഴികെ എല്ലാ സഭകളും ചേർന്ന്) നടത്തിയ മഹായിടവക കൺവെൻഷനായിരുന്നു ഇത്.* TDTA *പ്രസിഡന്റ് റവ.എ.എച്ച്.എൽ.ബില്ലി, ലേ സെക്രട്ടറി ഡി.വേദനായകം, ക്ലേർജി സെക്രട്ടറി റവ.ഡോ.സ്റ്റീഫൻ സെൻവൻ രാജ് (കൺവീനർ), ഡയോസിസ് ട്രഷറർ മി.ദേവദാസ് ജ്ഞാനരാജ് എന്നിവർ ചേർന്ന് യോഗക്രമീകരണങ്ങൾ ചെയ്തിരുന്നു. ഡയോസിസിലെ ആഭ്യന്തര കലാപങ്ങൾ സാധാരണ വിശ്വാസികൾ കണക്കിലെടുത്തിട്ടില്ല എന്നതിന് തെളിവായി 13,000 പേർ യോഗങ്ങളിൽ സംബന്ധിച്ചിരുന്നു.*

*ജാമക്കാരൻ മാസികയിലൂടെ ജനങ്ങളെ കലക്കുന്നവൻ, ആരെയും അടച്ചാക്ഷേപിക്കുന്ന വ്യക്തി എന്നൊക്കെ പറയുന്ന എന്നെയും മഹായിടവക കൺവെൻഷന്റെ പ്രഭാഷകനായി ക്ഷണിച്ചത് ദൈവപ്രവൃത്തി മാത്രമായിരുന്നു!*
*കുറിപ്പ് : കഴിഞ്ഞ 6 മാസങ്ങളിലായി ഈ ഡയോസിസിന് കീഴിലുള്ള 17 കൺവെൻഷനുകളിൽ പ്രസംഗിച്ചു. എല്ലായിടത്തും ഡയോസിസിൽ നിന്ന് സി.എസ്.ഐ എന്ന പേര് എടുത്തുമാറ്റി എന്നതു വിഷമമാണ്. തലമുറകളായി പതിഞ്ഞ പേര് മാറ്റിയതിൽ ഏവരും പരിഭവത്തിലായിരുന്നു. എനിക്കും അതേ വികാരം തന്നെയാണ്.*

*ഡയോസിസ് പിരിയാനുള്ള കാരണം ഇങ്ങനെയാണ് : ബിഷപ്പുമാരുടെ റിട്ടയർമെന്റ് വയസ്സ് 65 ൽ നിന്ന് 87 ലേയ്ക്കു മാറ്റാനുള്ള നിയമം എല്ലാ ഡയോസിസുകളും പാസ്സാക്കുവാൻ സിനഡ് ഉത്തരവ് പുറപ്പെടുവിച്ചത്. ഡയോസിസ് കമ്മിറ്റി അതിനെ എതിർത്തു. മോഡറേറ്ററുടെ വിനീത വിധേയ അടിമയായ ബിഷപ്പ് റൈറ്റ്. റവ.ഡോ.ക്രിസ്തുദാസ് വളഞ്ഞ വഴിയിലൂടെ നിയമം പാസ്സാക്കാൻ ശ്രമിച്ചു. ഡയോസിസ് മീറ്റിംഗ് യുദ്ധക്കളമായി മാറി. ഈ പൊരിഞ്ഞ അടിക്കിടയിൽ ബിഷപ്പ് നിയമം പാസ്സാക്കിയതായി പ്രഖ്യാപിച്ചു. അതോടെ കമ്മിറ്റിയിലെ കരടായി ബിഷപ്പിനെ ഒതുക്കി. ബിഷപ്പിനെ ഒരു കാരണവശാലും അംഗീകരിക്കില്ല എന്ന നിലപാട് ഡയോസിസ് കമ്മിറ്റിയെ എടുത്തു. റ്റി.ഡി.റ്റി.എ ചർച്ച് ഡയോസിസ് എന്നുള്ള പേരിൽ പുതിയ ഡയോസിസ് രൂപീകരിക്കപ്പെട്ടു. കമ്പനി നിയമത്തിലേക്ക് സഭയെ കൊണ്ടുവന്നു. അത് വളർന്ന് വഷളായി വിഭജനത്തിൽ ഇപ്പോൾ എത്തിച്ചേർന്നു.*

തിരുനെൽവേലി TDTA മഹായിടവക കൺവെൻഷനിൽ ഡോ.പുഷ്പരാജ് പ്രസംഗിക്കുന്നു എന്ന വിവരം അറിഞ്ഞ ഉടൻ മോഡറേറ്റർക്കും 25 ബിഷപ്പുമാർക്കും ഞെട്ടൽ ഉണ്ടായി. ആ ഞെട്ടൽ എനിക്കും ഉണ്ടായി. ഡയോസിസിന്റെ മുഴുവൻ സമ്മതവും എന്നെ ക്ഷണിച്ചതിൽ ഉണ്ടോ എന്നറിയാൻ മുഴുവൻ ഭാരവാഹികളുടെയും ഒപ്പിട്ട Reconfirmation Letter ഞാൻ ആവശ്യപ്പെട്ടു. എല്ലാവരും ഒപ്പിട്ട ക്ഷണക്കത്ത് വീണ്ടും എനിക്കയച്ച് തന്നു. എന്റെ 52 വർഷ ശുശ്രൂഷയ്ക്കിടയിൽ ഒരിടത്തും Reconfirmation കത്ത് ചോദിച്ചിട്ടില്ല. പക്ഷേ Tirunelveli TDTA Diocese നോട് മാത്രം ചോദിച്ചു.

## തിരിഞ്ഞുനോട്ടം

ഈയവസരത്തിൽ കഴിഞ്ഞകാല ചില സംഭവങ്ങൾ എന്റെ ഓർമ്മയിൽ ഓടിയെത്തുന്നു. മാർത്തോമ്മാ സഭയിൽ ഐറെനിയസ് തിരുമേനിയെ (ഇപ്പോൾ മെത്രോപ്പോലീത്താ) വിമർശിച്ചതിന് ഞാൻ മുടക്കപ്പെട്ടു. കോഴഞ്ചേരി വലിയ പള്ളിയിൽ യുവാക്കൾ അച്ചടിച്ച് വിതരണം ചെയ്ത "കുറുക്കൻ സ്വർഗ്ഗം എത്തിയാലും കോഴി പിടിത്തം നിറുത്തുമോ?" എന്ന ലഘുലേഖ ജാമക്കാരൻ മാസികയിൽ പുനഃപ്രസിദ്ധീകരണം ചെയ്തു. ലഘുലേഖ അച്ചടിച്ച് വിതരണം ചെയ്തവർ ആരെയും മുടക്കിയില്ല; പക്ഷേ എന്നെ മുടക്കി. എന്നാൽ മുടക്കിന് ശേഷവും വടക്കേയിന്ത്യയിലെ ബിലായ്, പുനലൂരിനടുത്തുള്ള ഇളമ്പൽ മാർത്തോമ്മാ സഭകൾ എന്നെവച്ച് യോഗങ്ങൾ നടത്തുവാൻ നന്നേ ശ്രമിച്ചു. ഞാൻ അത് ഇഷ്ടപ്പെട്ടില്ല. ക്രിസോസ്റ്റം തിരുമേനി അവർകൾ അനുവാദം നല്കി; അതിനാൽ ഡോക്ടർ വന്നേ തീരൂ എന്ന് സഭകൾ സ്നേഹപൂർവ്വം നിർബന്ധിച്ചു.

സഭയുടെ വലിയ തിരുമേനി അവൾകൾ വിലക്ക് ഏർപ്പെടുത്തിയിരിക്കെ, സഹാദ്ധ്യക്ഷൻ അനുവാദം നല്കി. പ്രസംഗിച്ചാൽ അധികാരങ്ങൾക്കു കീഴ്പ്പെടണം എന്ന് പ്രസംഗിക്കുന്ന എനിക്കു എന്ത് സാക്ഷ്യമാണുള്ളതെന്ന് ഞാൻ തിരിച്ച് ചോദിച്ചു. ആ സമയത്ത് തന്നെ സി.എസ്.ഐയുടെ മദ്ധ്യകേരള ബിഷപ്പിനോട് മാർത്തോമ്മാ സഭ എന്നെ മുടക്കിയതുപോലെ സി.എസ്.ഐയും എന്നെ ബഹിഷ്കരിച്ച് കത്തയക്കാൻ മാർത്തോമ്മാ ബിഷപ്പ് നിർബന്ധിച്ചു. നെടുങ്ങാടപ്പള്ളി ബേബിച്ചായനും, Victory Tyres Owner അവർകളും, മല്ലപ്പള്ളി, കോട്ടയം, മുണ്ടിയപ്പള്ളി സഭാപ്രമാണികളും, ചേർന്ന് അന്നത്തെ ബിഷപ്പ് ആയിരുന്ന റൈറ്റ്.റവ.ജോസഫ് അവർകളെ നേരിൽക്കണ്ട് "ഏതു കാരണവശാലും ബിഷപ്പ് അവർകൾ ഡോക്ടറിനെ മുടക്കാൻ പാടില്ല. മാർത്തോമ്മാ ബിഷപ്പ് പറഞ്ഞതുകേട്ട് ഡോക്ടറിനെ മുടക്കിയാൽ ഞങ്ങൾ വൈ.എം.സി.എ മൈതാനത്തോ, മറ്റ് മൈതാനത്തോ വച്ച് കൂറ്റൻ യോഗം നടത്തും" എന്നറിയിച്ചു. പ്രമാണികളുടെ സമ്മർദ്ദത്താൽ അന്നത്തെ ബിഷപ്പ് എന്നെ മുടക്കിയില്ല.

പക്ഷേ ഇപ്പോഴുള്ള ബിഷപ്പ് റൈറ്റ്.റവ.തോമസ് കെ.ഉമ്മൻ അവർകൾക്ക് ജാമക്കാരനിലെ എന്റെ എഴുത്തുകൾ ബിഷപ്പുമാരുടെ വിരമിക്കൽ പ്രായം നീട്ടൽ, ബിഷപ്പ് ഇലക്ഷൻ നടത്തിയവിവരം വിമർശിച്ച് എഴുതിയ എന്റെ എഴുത്തുകൾ സഹിക്കാനാകുന്നില്ല. അതിനാൽ 'മുടക്കം' എന്ന് വരമൊഴി ഉത്തരവ് നല്കാതെ "ഡോക്ടറിനെ വിളിക്കരുത്" എന്ന് അച്ചന്മാർക്ക് 'വാമൊഴി" ഉത്തരവ് നല്കിയതായി ഞാനറിഞ്ഞു. അതിനാൽ എനിക്കു എത്രയും വേണ്ടപ്പെട്ട അച്ചന്മാർ പോലും എന്നെ യോഗങ്ങളിൽ ക്ഷണിക്കാൻ ഭയപ്പെടുന്നു; വല്ലാതെ ഭാരപ്പെടുന്നു. ബിഷപ്പ് പദവിയുടെ ഭരണാധികാരം വിപുലമാണ്. ബിഷപ്പിന് അപ്രിയനായ ഒരച്ചനുണ്ടെങ്കിൽ, ആ അച്ചന്റെ അടുക്കൽ ഇരിക്കാൻ പോലും മറ്റ് അച്ചന്മാർ ഭയപ്പെടും. മുമ്പ് വിദേശത്തുള്ള സഭകൾ ഇന്ത്യയിലെ വിലക്കും മുടക്കും ഒന്നും കാര്യമാക്കാതെ യോഗങ്ങൾ നടത്തിയിരുന്നു. ഇപ്പോൾ വിദേശത്തിലുള്ള ബിഷപ്പിനെ അധികാരത്തെക്കുറിച്ചും അറിവുണ്ട്. ഉദാഹരണം പറയാം : വിദേശത്തുള്ളവർ നാട്ടിൽ വന്ന് ഒരാഴ്ചയ്ക്കുള്ളിൽ വിവാഹം നടത്തണമെങ്കിൽ (വിളിച്ചൊല്ലൽ, അറിയിപ്പ് എന്നിവ ഇല്ലാതെ നടത്തണമെങ്കിൽ) ബിഷപ്പിന്റെ പ്രത്യേക അനുവാദം ആവശ്യമാണ്. അച്ചന്മാരുടെ ഭാര്യമാരുടെ ജോലി, ട്രാൻസ്ഫർ, മക്കളുടെ പഠിത്തം, മെഡിക്കൽ കോളേജ് സ്പോൺസർഷിപ്പ്, ശവക്കോട്ടയിലെ സ്ഥലം, മറ്റ് സഭകളിൽ നിന്നുള്ള വൈവാഹിക ബന്ധങ്ങൾക്കു അനുമതി, സെമിനാരി പഠന സൗകര്യം, Chtechist അരപ്പട്ടം വാങ്ങി അരഅച്ചൻ ആകൽ, ഓർഡിനേഷൻ വാങ്ങി മുഴുപട്ടം എന്നിവയ്ക്കെല്ലാം ബിഷപ്പിന്റെ ദയ ആവശ്യമാണ്. എന്നെ നന്നായറിയുന്ന വേണ്ടപ്പെട്ട പലരും നിത്യതയിലായി, ശയ്യാവലംബിയായി, ബലഹീനരായി. ഇപ്പോഴുള്ള തലമുറയ്ക്കു എന്നെ നന്നായറിയില്ല. മാതാപിതാക്കൾ ഇരുത്തി പറഞ്ഞുകൊടുത്ത ചില യുവജനങ്ങൾക്ക് എന്നെ അറിയാം. ആ കാലത്തുള്ള ശുശ്രൂഷാ സമർപ്പണം, വചനദാഹം, അനുസരണം തുടങ്ങി അനേകം കാര്യങ്ങൾ ഇന്ന് നന്നേ കുറഞ്ഞിട്ടുണ്ട്. ഇക്കഴിഞ്ഞ ഏപ്രിൽ മാസം മദ്ധ്യകേരള ഡയോസിസിൽപ്പെട്ട ഒരു ഭവനപ്രതിഷ്ഠാ വേളയിൽ വചന ശുശ്രൂഷയ്ക്കായി എന്നെ വിളിച്ചിരുന്നു. ഒരു കൺവെൻഷനിൽ കൂടുന്നതിലധികം പേർ അന്നു വചനകേൾവിക്കായി വന്നുകൂടി. അതുപോലെ റിട്ടയർ അച്ചന്മാർ അവരുടെ ഭവനത്തിലെ വിവിധ മംഗളാവസരങ്ങൾ ഒരു കൺവെൻഷൻ പോലെ വചനകേൾവിക്കായി മാറ്റിവച്ചിരുന്നു. കാലം മാറി. സുഖശീതളമായ ഇന്നത്തെ കാലത്ത് മുന്നറിയിപ്പുകളും, ജാഗ്രതാ നിർദ്ദേശങ്ങളും നല്കുന്ന ശുശ്രൂഷകർ കുറെശ്ശെയായി കാണാതെയായിക്കൊണ്ടിരിക്കുന്നു. പക്ഷേ ഇതിന്റെ മദ്ധ്യത്തിലും കേരളത്തിൽ അങ്ങോളമിങ്ങോളം എനിക്കുള്ള യോഗങ്ങൾക്കു ഒരു കുറവുമില്ല; മാത്രമല്ല ഞാൻ തിരക്കിലുമാണ്. തിരുനെൽവേലി മഹായിടവകയുടെ കഴിഞ്ഞകാല ചരിത്രം ചിന്തിക്കുമ്പോൾ കേരളവും സ്മരണകളിൽ ഓടി എത്തി. അത്രമാത്രം. ദൈവനാമം മഹത്വപ്പെടട്ടെ!



# Mr.K.N.RUSSEL Vs Dr.MURALIDHAR,M.D - Tribal Mission



*മുകളിൽ ഫോട്ടോയിൽ കാണുന്ന സഹോദരൻ മി.റസ്സൽ അവർകളാണ്. തന്റെ മാസികയിൽ ഡോ.മുരളീധരൻ എം.ഡി അവർകളെക്കുറിച്ചും ട്രൈബൽ മിഷനെ ക്കുറിച്ചും വളരെ മോശമായും വ്യാജമായും തന്റെ മാസികയിൽ എഴുതി. എഴുതിയ തിനെ മറുപടി അയക്കാൻ ഡോ.മുരളിയോട് നിർബന്ധിച്ചപ്പോൾ അവരുടെ മകൾ ഡോ.രൂത്ത് അവർകൾ പപ്പാ ഇതുപോലെയുള്ള കത്തുകൾക്ക് മറുപടി എഴുതേണ്ട ദൈവം നോക്കിക്കൊള്ളും എന്നുള്ള മറുപടി ഇവളുടെ ആത്മീയത്തെ വെളിപ്പെടു ത്തുന്നു.*

*മി.റസ്സൽ അവർകൾ അച്ചടിച്ച് ഇറക്കുന്ന മാസിക ക്രിസ്തീയ മാസിക എന്ന് കാണിക്കപ്പെട്ടാലും പക്ഷേ അത് ക്രിസ്തു ഇല്ലാത്ത ഒരു പത്രമായിട്ട് അതിന്റെ എഴു തുന്ന വാർത്തകൾ കാണപ്പെടുന്നു. ഡോ.മുരളി അവർകൾ ഇദ്ദേഹത്തിന് മറുപടി എഴുതാത്തതുകൊണ്ട് ഞാൻ ട്രൈബൽ മിഷന്റെ മുഴുവിവരത്തെക്കുറിച്ചും മി.റസ്സൽ അവർകൾക്ക് രജിസ്റ്റർ പോസ്റ്റ് വഴിയായി തെളിവു സഹിതം അയച്ചു. പക്ഷേ അത് അദ്ദേഹം സ്വീകരിച്ചില്ല. ഫ്രം അഡ്രസ്സിൽ എന്റെ പേര് കണ്ട ഉടനെ left എന്ന് കവ റിന്റെ മുകളിൽ എഴുതി എനിയ്ക്കു തന്നെ തിരിച്ചു അയച്ചു. അവരുടെ പത്ര ആഫീ സിൽ അദ്ദേഹത്തിന്റ പേരിലും പത്ര ആഫീസിന്റെ പേരിലും രജിസ്റ്റർ കത്ത് വീണ്ടും ഞാൻ അയച്ചു.*

*പത്ര ആഫീസും left എന്ന് മേലേ എഴുതി എനിയ്ക്കു തന്നെ തിരികെ അയ ച്ചു. വ്യക്തി വീട്ടിലിരുന്ന് വെളിയിൽപോയതുകൊണ്ട് left എന്നുള്ള വാക്ക് ഉപയോ ഗിക്കാം. പക്ഷേ ആഫീസ് കെട്ടിടം എങ്ങനെയാണ് പുറത്തുപോകുന്നത്? ഇത് പോസ്റ്റാഫീസുകാർ തെറ്റായി എഴുതിയതോ, ഇവർ എഴുതിയതോ എന്ന് അറിയാൻ പാടില്ല. ആ കവർ അതുപോലെ തന്നെ സൂക്ഷിച്ചുവച്ചിരിക്കുന്നു.*

*മി.റസ്സൽ അവർകൾക്ക് ഞാൻ എഴുതിയ കത്ത് അതുപോലെതന്നെ വായന ക്കാർക്കുവേണ്ടി പരസ്യപ്പെടുത്തുന്നു. ഈ വിവരം എഴുതുവാൻ എന്നെ പ്രേരിപ്പിച്ച മി.റസ്സൽ അവർക്ക് ഞാൻ നന്ദി രേഖപ്പെടുത്തുന്നു.*

' கர்த்தரிடத்தில் மனமகிழ்ச்சியாயிரு அவர் உன் இருதயத்தின் வேண்டுதல்களை உனக்கு அருள்செய்வார். சங் 37:4.

' கர்த்தர் எனக்காக யாவையும் செய்து முடிப்பார். சங் 138:8.

**DR PUSHPARAJ**
(Regd No. 22393 INDIA)

89 & 90, MAJEETH STREET
OLD SURAMANGALAM
SALEM - 636 005

"JAMAKKARAN"
EDITOR & PUBLISHER

PHONE : 0427 - 2387499
FAX : 0427 - 2386464, SALEM.
E-MAIL : jamakaran @ yahoo.com.
Website : jamakaran.com



Date: 27/02/2018

To

Mr.K.N.RUSSEL
Chraisthava Chintha
Kottayam - (Kerala)

*കർത്താവിൽ പ്രിയ സഹോദരൻ അവർകൾക്ക്,*

*യേശുക്രിസ്തുവിന്റെ നാമത്തിൽ താങ്കൾക്ക് പുതുവത്സരാശംസകൾ നേരുന്നു. ഏകദേശം രണ്ടു വർഷങ്ങൾക്കു മുമ്പാണ് താങ്കളുടെ മാസിക പരിചയപ്പെട്ടത്. ക്രിസ്തീയ സഭകളിലും ദൈവവേലക്കാരുടെയും ഇടയിലുള്ള അഴിമതികളും സാമ്പത്തിക തിരിമറികളും താങ്കൾ മാസിക വഴി പുറത്തു കൊണ്ടുവരുന്നതിൽ ഞാൻ ദൈവത്തെ സ്തുതിച്ചു. കാരണം, ഇന്നത്തെ ക്രൈസ്തവ ലോകത്തിൽ കുറവുകളെ ചൂണ്ടിക്കാണിക്കുവാൻ ആളുകൾ കുറവാണ്. എന്നാൽ ചൂണ്ടിക്കാണിക്കുന്നവരേയും ആർക്കും ഇഷ്ടവുമല്ല. അങ്ങനെയുള്ള സാഹചര്യത്തിലാണ് കർത്താവ് 1965–ാം വർഷം എന്റെ വായനക്കാർക്കുവേണ്ടി എന്റെ കൈയിൽ ഏൽപിച്ചതാണ് "ജാമക്കാരൻ" (കാവൽക്കാരൻ). യെശയ്യാ പ്രവാചകന്റെ പുസ്തകത്തിൽ എഴുതിയതുപോലെ, കാവൽക്കാരനായി നിൽക്കുന്നവൻ വരുവാൻ പോകുന്ന ആപത്തുകളെ അറിയിക്കുന്നതും ഉള്ളിൽ*

നടക്കുന്ന തെറ്റുകളെയും തെറ്റായ ഉപദേശങ്ങളെയും ചൂണ്ടിക്കാണിക്കുന്നതു മായ ആപൽക്കരമായ ഈ വേലയെ എന്റെ കയ്യിൽ ഏൽപ്പിച്ചു. (ലേവ്യ 5:1). "നീതിമാനെ മുന്നറിയിപ്പ് നൽകാതിരുന്നതുകൊണ്ട് അവൻ മരിച്ചിരിക്കും........ അവന്റെ മരണത്തിന് നീ ഉത്തരവാദിയാകും." (യെഹ 3:20). ഇതു മുഖാന്തരം പല ദൈവവേലക്കാർ, മർത്തോമ്മാ, സി.എസ്.ഐ, യാക്കോബായ ബിഷപ്പു മാർ എല്ലാവരും എന്നെ വെറുത്തു. എന്റെ മാസിക വായിച്ചിട്ടാണ് "ഡിഫെൻഡർ" എന്ന മാസിക Pr. ബാലൻ അവർകൾ ഇറക്കിയത്. ഡോ.പു ഷ്പരാജിന്റെ മാസികയായ ജാമക്കാരൻ മാസികയാണ് എന്റെ റോൾമോഡൽ എന്നു പറയുന്നത് ഞാൻ പലപ്പോഴും വായിച്ചിട്ടുണ്ട്. അതുപോലെ തന്നെയാണ് നിങ്ങളുടെ മാസികയും എന്ന് ഞാൻ സന്തോഷിച്ചിട്ടുണ്ട്.

ചില മാസങ്ങൾക്കു മുൻപ് ഡോ.മുരളീധരനെക്കുറിച്ച് താങ്കളുടെ മാസി കയിൽ വന്ന വിവരങ്ങളും 2018 ജനുവരി 03-ന് പ്രസിദ്ധീകരിച്ച താങ്കളുടെ മാസികയിൽ വന്ന വിവരങ്ങളും വായിച്ചറിഞ്ഞു. ആദ്യം എഴുതിയ വിവരങ്ങൾ മുഴുവനും വ്യാജമായിരുന്നു. ഡോ.മുരളീധരനോടുള്ള വൈരാഗ്യത്താൽ എഴു തിയതാണോ എന്നു ഞാൻ സംശയിക്കുന്നു. വാസ്തവത്തിൽ ട്രൈബൽ മിഷനും അതോടൊപ്പമുള്ള ആനക്കട്ടി ആശുപത്രിയുടെയും സ്ഥാപകൻ ഞാനാ ണ്. എഴുത്തിലൂടെയോ പ്രസംഗത്തിലൂടെയോ ഈ അവകാശം സ്ഥാപിക്കു വാൻ ഞാൻ ആഗ്രഹിക്കുന്നില്ല. താങ്കളും ഞാനും ക്രിസ്ത്യാനികളാണ്. മറ്റു ള്ളവരുടെ മാസികാ നടത്തിപ്പിലും നമ്മുടെ മാസികാ നടത്തിപ്പിലും വ്യത്യാസം കാണിക്കണം. ഒരാളെക്കുറിച്ചുള്ള അപവാദം വന്നാലോ അറിഞ്ഞാലോ മത്താ യിയുടെ സുവിശേഷത്തിൽ യേശുക്രിസ്തു പറഞ്ഞതുപോലെ തനിച്ച് ആ വ്യക്തിയോട് സംസാരിക്കണം. തന്നെ അവൻ തിരുത്തിയില്ലെങ്കിൽ നാലുപേ രെയും കൂട്ടിക്കൊണ്ട് പോയി പിന്നെയും അവനോട് സംസാരിക്കണം. പിന്നീ ടാണ് പരസ്യപ്പെടുത്തേണ്ടത്. ഈ വഴിയെയാണ് ബിഷപ്പിന്റെ വിഷയത്തിലും, സഹോ.ഡോ.ഡി.ജി.എസ്.ദിനകരന്റെ വിഷയത്തിലും, മറ്റ് എല്ലാ സ്ഥാപനങ്ങ ളുടെ വിഷയത്തിലും ഞാൻ പിൻതുടരുന്നത്. ആ രീതിയെ ഇന്നുവരേയും ഞാൻ തുടരുന്നു. ഡോ.മുരളീധരൻ അവർകൾ ഒരു യഥാർത്ഥ ദൈവവേലക്കാരനാ ണ്. ഞാനും അദ്ദേഹവും മെഡിക്കൽ ഡോക്ടർമാർ ആയിരുന്നാലും ദൈവ

വേലയ്ക്കുവേണ്ടി ഞാൻ 1976-ലും ഡോ.മുരളീധരൻ 1987-ലും മുഴുവൻസമയ ഡോക്ടർ വേലയെ ഉപേക്ഷിച്ചു. എന്നാലും പഠിച്ച ആ ആതുരസേവനം ദൈവീക ശുശ്രൂഷയോടൊപ്പം ചെയ്യുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് ആന ക്കട്ടി ആശുപത്രി 6,000 ആദിവാസികൾക്കുവേണ്ടി ഞങ്ങൾ തുടങ്ങിയത്. അദ്ദേ ഹത്തിനും വചനം പ്രസംഗിക്കുവാനുള്ള നല്ല കഴിവും ദൈവം കൊടുത്തിട്ടു ണ്ട്. ഇന്ത്യയിൽ എവിടെ പ്രസംഗിച്ചാലും അദ്ദേഹം ഒരു സ്ഥലത്തിലും പണപ്പി രിവിനു വേണ്ടി പ്രസംഗിച്ചിട്ടില്ല. ആറായിരം ഇരുളാസ് കുടുംബങ്ങളുള്ള ആദി വാസി കുടുംബങ്ങൾക്ക് ഓപ്പറേഷൻ അടക്കമുള്ള എല്ലാ ചികിത്സകളും മരു ന്നുകളും സൗജന്യമായി അദ്ദേഹം കൊടുക്കുന്നുണ്ട്. അദ്ദേഹത്തോടൊപ്പം 9 ഡോക്ടർമാർ ആനക്കട്ടി ആശുപത്രിയിലുണ്ട്. അവരെല്ലാവരും അദ്ദേഹത്തെ പ്പോലെ മാസ്റ്റർ ഡിഗ്രി എടുത്തവരാണ്. ആ ഡോക്ടർമാർക്കെല്ലാം മാസം തോറും ഏകദേശം 75,000 രൂപയോളം ശമ്പളം കൊടുക്കുന്നുണ്ട്. താനും തന്റെ ഭാര്യയും മാത്രം 15,000/- രൂപയാണ് ശമ്പളം മേടിക്കുന്നത്. ഡോ.മുരളീധരൻ വിദേശയാത്ര ചെയ്യുന്നതിന്റെ കാരണം, കൺവെൻഷൻ മീറ്റിംങ്ങുകളിൽ പ്രസം ഗിക്കുവാൻ മാത്രമല്ല, ഈ ദൈവവേലയ്ക്കും സേവനത്തിനും സഹായിക്കുന്ന വ്യക്തികളെ നേരിട്ട് സന്ദർശിച്ച് ഇവിടത്തെ ആവശ്യങ്ങളെ അവരോട് അറി യിക്കുന്നു. ഇതുവരെ വെള്ളക്കാരാരും ഈ ശുശ്രൂഷയെ സഹായിച്ചിട്ടില്ല. എന്നാലും ഡോക്ടർമാർക്ക് മാസശമ്പളം പോലും കൊടുക്കുവാനാകാത്ത അവസ്ഥ കുറെവർഷങ്ങളായി ഉണ്ടായിക്കൊണ്ടിരിക്കുന്നു. അതുമൂലം ആശു പത്രിയുടെ പ്രവർത്തനം വരെ നിലച്ചുപോകുമോയെന്ന ആശങ്കയും ഉണ്ടായി രുന്നു. ആദിവാസികളെ മുൻനിർത്തി, ആ സേവനത്തിന്റെ അടിസ്ഥാനത്തിൽ ആശുപത്രിയെ മുമ്പോട്ടു കൊണ്ടുപോകാനുള്ള സ്ഥാപനങ്ങളെ അന്വേഷിച്ച് അദ്ദേഹം ഇറങ്ങി. അതിന്റെ അടിസ്ഥാനത്തിൽ ബിഷപ്പ് കെ.പി.യോഹന്നാൻ, വെല്ലൂർ സി.എം.സി തുടങ്ങിയവരെ സമീപിച്ചുവെങ്കിലും അതിന് സാധിച്ചില്ല. ഇങ്ങനെ അവരെയൊക്കെ സമീപിച്ചത് ഈ സ്ഥാപനത്തെ വിറ്റ് കാശാക്കുവാ നല്ല. എങ്ങനെയും ആദിവാസികൾക്ക് തുടർചികിത്സ നിലനിർത്തുകയും അതി ലൂടെ സുവിശേഷം അറിയിക്കപ്പെടണം, എന്ന ദർശനം എരിവുമുള്ള സ്ഥാപ നങ്ങളെ തേടിക്കൊണ്ടിരിക്കുന്നത്. പണം സമ്പാദിക്കുവാനല്ല എന്നുള്ളത് ദയ വായി താങ്കൾ മനസ്സിലാക്കണം.

ഡോ.മുരളീധരൻ ഇങ്ങനെയുള്ള ഒരു ചിന്തയ്ക്ക് വരാനുള്ള മറ്റാരു കാരണവും ഉണ്ട്. അദ്ദേഹം രണ്ടു പ്രാവശ്യം ഹൃദയശസ്ത്രക്രിയയ്ക്ക് വിധേയനാക്കപ്പെട്ട വ്യക്തിയാണ്. മാത്രമല്ല ബ്ലഡ് ഷുഗർ കൂടി വന്നുകൊണ്ടിരിക്കുന്നതും തന്റെ ആയുസ്സിന്റെ ദൈർഘ്യം കുറഞ്ഞുവരുന്നു എന്നുള്ള ചിന്തയും അദ്ദേഹത്തിന്റെ മനസ്സിൽ ഉണ്ട്. തന്റെ മരണശേഷവും ഈ സേവനം തുടരണം എന്ന ചിന്താഭാരം കൂടുതലായതുകൊണ്ടാണ്, അദ്ദേഹം മറ്റു ആതുര സേവനശുശ്രൂഷാ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടത്. തന്റെ മരണശേഷം, അതേ ഭാരത്തോടെ ബോർഡ് അംഗങ്ങൾക്ക് ഈ ആശുപത്രിയേയും സ്ഥാപനങ്ങളെയും മുമ്പോട്ടു കൊണ്ടുപോകാൻ കഴിയുകയില്ല. ഇത് എഴുതുന്ന എന്നെക്കൊണ്ടും ഇത് നടത്തുവാൻ കഴിയുകയില്ല. എന്റെ വേലവേറെ, എന്റെ വിളി വേറെ. ദൈവവേലയ്ക്കുവേണ്ടി ആരോടും സാമ്പത്തികസഹായം ചോദിക്കാതെ കഴിഞ്ഞ 52 വർഷങ്ങളായി ഞാൻ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. എന്റെ മാസികയിലും ഇതുവരേയും പണം ആവശ്യപ്പെട്ടുകൊണ്ട് ഒരു വാക്കുപോലും എഴുതിയിട്ടില്ല. ഒരു മാസത്തിൽ 84,000 തമിഴ് മാസികയും 72,000 മലയാളം മാസികയും ഓരോ മാസത്തിലും തപാൽ വഴി അയയ്ക്കുന്നു. ദൈവകൃപയാൽ ഇതുവരേയും കടമില്ലാതെ നടത്തിക്കൊണ്ടുപോകുന്നു.

താങ്കളോ ഡോക്ടർ മുരളിയോ തമ്മിൽ ശത്രുക്കളല്ല. പിന്നെ എന്തുകൊണ്ട് താങ്കൾ ഡോ.മുരളിയോട് ഈ സ്ഥാപനത്തെക്കുറിച്ചുള്ള സംശയങ്ങളെ നേരിട്ടുകണ്ട് അറിഞ്ഞതിനുശേഷം പിന്നീട് എഴുതിയിരുന്നുവെങ്കിൽ ദൈവത്തേയും മനുഷ്യനേയും സന്തോഷപ്പെടുത്തിയതായിരിക്കുമല്ലോ? ഇപ്പോഴും ദയവായി ആനക്കട്ടിയിൽ പോയി സകലവിവരങ്ങളേയും ചോദിച്ചറിയണം. അദ്ദേഹത്തിന്റെ മകളോടും നേരിട്ട് ചെന്ന് ചോദിച്ച് കാര്യങ്ങൾ മനസ്സിലാക്കുന്നത് നന്നായിരിക്കും.

ഇവിടെ അദ്ദേഹത്തിന്റെ മകൾ ഡോ.രൂത്ത് അവർകൾ ഡോ.മുരളി അവർകൾക്ക് എതിരായിട്ട് ദേഷ്യപ്പെട്ടതായി നിങ്ങളുടെ മാസികയിൽ വായിച്ചു. ഉടൻ തന്നെ ഞാൻ ആനക്കട്ടിയിൽ നേരിട്ട് ചെന്ന് മകളോടും ഡോക്ടറോടും ചോദിച്ചപ്പോൾ ഈ എല്ലാ കാര്യത്തിലും എനിക്ക് തുണ നിൽക്കുന്നത് എന്റെ മകളാണ്. ഈ കാര്യത്തിന് അവൾ എതിരായിട്ട് ഒരുവാക്കുപോലും

പറഞ്ഞിട്ടില്ല. മകളും അതുപോലെതന്നെ എന്നോടുകൂടെ പറഞ്ഞു. മാത്രമല്ല നിങ്ങളുടെ മാസികയ്ക്ക് മറുപടി ഡോ.മുരളി എഴുതണമെന്ന് ധാരാളംപേർ നിർബന്ധിച്ചു. ആ സമയത്തിൽ അദ്ദേഹത്തിന്റെ മകളായ ഡോ.രൂത്താണ് ഇങ്ങനെയുള്ള മാസികകൾക്ക് ഒരിക്കലും മറുപടി എഴുതേണ്ട പപ്പാ, ദൈവം അവരെ നോക്കിക്കൊള്ളും. നമുക്ക് നമ്മുടെ ജോലിയെ സത്യസന്ധമായി ചെയ്താൽ അതുമതി എന്ന ആലോചന ആ കുട്ടിയാണ് ഡോ.മുരളിയോട് പറഞ്ഞത്. അതു കേട്ട് ഞാൻ ദൈവത്തെ സ്തുതിച്ചു. പക്ഷേ നിങ്ങളുടെ എഴുത്തിൽ ഈ വിഷയത്തിൽ ഇത്രവലിയ വ്യാജവും കള്ളവും കാണപ്പെടുന്നു എന്ന് ഞങ്ങൾക്ക് മനസ്സിലായി. സകലത്തെയും അറിയുന്ന ദൈവത്തോട് നിങ്ങൾ എഴുതിയ എല്ലാ വിവരങ്ങളെയും യെഹസ്കിയാവ് രാജാവുപോലെ ദൈവത്തിന്റെ കാലിൽ സമർപ്പിച്ചച്ച് പ്രാർത്ഥിച്ചു. താങ്കളുടെ മാസിക ഒരു നല്ല മാസികയായിട്ട് എന്റെ മന സ്സിൽ പ്രതിഷ്ഠിച്ചിട്ട് ഇപ്പോൾ ഈ തെറ്റായ വിമർശനം കാരണം അതിന് മാറ്റം ഉണ്ടാകുമോയെന്ന് ഓർത്ത് ഞാൻ വിഷമിക്കുന്നു. ഒരു ദൈവവേലക്കാരൻ തുറന്ന പുസ്തകമായിരിക്കേണം.

താങ്കൾ ഇഷ്ടപ്പെടുമെങ്കിൽ ഒരുദിവസം പറഞ്ഞാൽ ആനക്കട്ടി ആശുപത്രിയിൽ താങ്കളെ സ്വീകരിക്കുവാനും താങ്കളുടെ സംശയങ്ങളെ ദൂരികരിക്കുവാനും സ്ഥാപനത്തിന്റെ Agreement വിവരങ്ങൾ തുറന്നു കാണിക്കുവാനും ഞങ്ങൾ രണ്ടുപേരും തയ്യാറാണ്. ദൈവം നിങ്ങളെ അനുഗ്രഹിക്കുമാറാകട്ടെ.

എന്റെ ജാമക്കാരൻ വായനക്കാരും താങ്കളുടെ ക്രൈസ്തവചിന്തയിൽ വന്ന വിവരങ്ങളുടെ നിജസ്ഥിതി എഴുതണം എന്ന് നിർബന്ധിച്ചുകൊണ്ടിരിക്കുന്നു. ഈ കത്ത് വായിച്ചശേഷം താങ്കളുടെ മറുപടി എനിക്ക് എഴുതിയാൽ അത് Edit ചെയ്യാതെ തന്നെ എന്റെ വായനക്കാർക്കായി പ്രസിദ്ധീകരിക്കാനും ആഗ്രഹിക്കുന്നു. താങ്കളുടെ നല്ല മറുപടി പ്രതീക്ഷിച്ചുകൊണ്ട്,

കർത്തൃസേവയിൽ
Dr. പുഷ്പരാജ്

Copy to: **Dr.Muralidhar,M.D.,**
**Tribal Mission**

# പ്രത്യേക വാർത്ത!!

**UNITED CHRISTIAN MOVEMENT FOR THY KINGDOM**

(The Christian Chapter of the Movement for A World Government and A Single Human Society)

**Chairman: Adv.JACOB PULIKKAN**

**ARRA - 81, Adimuri Road, Palarivattom, Cochin-682025, Kerala, India**

(Ph:91-0484-2533331: 91-9037332984 e-mail:jpeedesk@gmail.com)

പ്രസിദ്ധീകരണത്തിന് *Cochin: 08.06.2018*

## കാവി ഭീകരതയ്ക്കെതിരെ ക്രൈസ്തവർ ഒന്നിച്ചുനിൽക്കണം

**– അഡ്വ.ജേക്കബ് പുളിക്കൻ**

**(ചെയർമാൻ, യുണൈറ്റഡ് ക്രിസ്ത്യൻ മൂവ്മെന്റ് ഫോർ ദൈ കിങ്ഡം)**

ജാമക്കാരൻ 2018 മേയ് ലക്കം എഡിറ്റോറിയലിൽ കാവി ഭീകരതയ്ക്കെതിരെ പരാമർശിച്ചിരിക്കുന്നതു ഏറ്റവും ഉചിതമായ രീതിയിലാണ്. ഭരണത്തിന്റെയും സാമൂഹികജീവിതത്തിന്റെയും എല്ലാമേഖലകളിലും **മനുസ്മൃതിയിൽ** അടിസ്ഥാനമായ ചാതുർവർണ്ണ്യവ്യവസ്ഥ പുനഃസ്ഥാപിക്കുക എന്നതാണ് കാവി പ്രസ്ഥാനത്തിന്റെ ഉദ്ദേശ്യം. മുസ്ലിംങ്ങളും ക്രിസ്ത്യാനികളും അവരുടെ മുഖ്യശത്രുക്കളാണ്. ക്രിസ്ത്യാനികൾക്കു മൊത്തത്തിൽ ലോകത്തിൽ പ്രഥമസ്ഥാനവും സ്വാധീനവുമുണ്ടെങ്കിലും ഇന്ത്യയിൽ ഫലപ്രദമായി എതിർത്തു നിൽക്കാൻ തീരെശേഷിയില്ലെന്നു അവർക്കറിയാം. അതുകൊണ്ടാണ് ഇത്രയേറെ അതിക്രമങ്ങൾ ക്രൈസ്തവർക്കുനേരെ സംഘപരിവാർ യാതൊരു ദാക്ഷിണ്യവുമില്ലാതെ തുടരെ തുടരെ അഴിച്ചുവിടുന്നത്. ഏറ്റവും അവസാനമായി ക്രൈസ്തവർ ചെറുത്തുനില്പിനുവേണ്ടി ക്രിയാത്മകമായി ചിന്തിക്കണമെന്ന് സ്വന്തം അനുയായികളെ സർക്കുലർ വഴി ആഹ്വാനംചെയ്ത ഡൽഹി, ഗോവ ആർച്ച് ബിഷപ്പുമാരുടെ മേൽ കേന്ദ്ര സർക്കാരിന്റെയും ബി.ജെ.പി–സംഘപരിവാർ ഗ്രൂപ്പുകളുടെയും നേതാക്കൾ ഭീഷണിമുഴക്കിക്കൊണ്ടിരിക്കുകയുമാണ്. എല്ലാ അർത്ഥത്തിലും ഈ അതിക്രമങ്ങളുടെയെല്ലാം ചുക്കാൻപിടിക്കുന്നത് രാജ്യത്തിന്റെ പ്രധാനമന്ത്രി തന്നെയാണെന്നതാണ് ഗുരുതരമായ പ്രശ്നം. ഇതിനെതിരെ ഫലപ്രദമായി ചെറുത്തുനിൽക്കാൻ ഏറ്റവും അനിവാര്യമായത് മൂന്നു ശതമാനത്തിൽ താഴെ മാത്രം മൊത്തം ജനസംഖ്യയുള്ള ക്രൈസ്തവർ ഒന്നിച്ചുനിൽക്കണമെന്നുള്ളതാണ്. നിർഭാഗ്യവശാൽ ഇന്ത്യയിലെ ക്രൈസ്തവർക്കിടയിൽ ഇത്ര വലിയ പ്രതിസന്ധിയിൽപോലും അത്തരം ഒരു ഐക്യം ഉണ്ടായിട്ടില്ല. ഇങ്ങനെയെങ്കിലും പിടിച്ചുനിൽക്കുന്നത് അമേരിക്കയുടെയും പാശ്ചാത്യശക്തികളുടെയും ശ്രദ്ധ ഈ പ്രശ്നത്തിനുമേൽ ഉണ്ടെന്നുള്ളതുകൊണ്ടുമാത്രമാണ്. പക്ഷേ, പ്രശ്നങ്ങളെ കളത്തിൽ ഫലപ്രദമായി നേരിടാൻ അതുമാത്രം പോര. അതിനുക്രൈസ്തവ ഐക്യം ശക്തമായി രൂപപ്പെടുത്തിയെടുക്കണം. പ്രായോഗികമായി അതെങ്ങനെ രൂപപ്പെടുത്തും? കത്തോലിക്കരും ഓർത്തഡോക്സുകാരും പ്രൊട്ടസ്റ്റന്റുകാരും തമ്മിൽ യോജിക്കുകയില്ല. ഈ മൂന്നു വിഭാഗങ്ങൾ തമ്മിലുള്ള ഭിന്നതയെക്കാൾ ശക്തമാണ് ഓരോ വിഭാഗത്തിനുള്ളിലും വിവിധ ഗ്രൂപ്പുകൾ തമ്മിലുള്ള മത്സരം. ഈ മത്സരങ്ങൾക്കെല്ലാം വേണ്ട ഒത്താശകളും സഹായവും ചെയ്യുന്നതു എല്ലാ വിഭാഗത്തിലെയും വൈദികനേതൃത്വവും അവരോടുചേർന്നു നിൽക്കുന്ന വിശ്വാസികളുടെ നിക്ഷിപ്തതാല്പര്യ നേതൃത്വങ്ങളുമാണ്.

ഇതിന് എന്താണ് പ്രതിവിധി? ബൈബിളിലെയും ഇതര ഗ്രന്ഥങ്ങളിലെയും ഓരോരോ വാക്യങ്ങളും പദാവലികളും പൊക്കിപ്പിടിച്ചു അതിന്റെ ശരിയായ വ്യാഖ്യാനം തങ്ങളുടെതു മാത്രമാണെന്ന് വാശിപിടിച്ച് വിശ്വാസികളെ വൈകാരികമായി അകറ്റിനിർത്തുകയും പരസ്പരം ശത്രുക്കളാക്കുകയുമാണ് എല്ലാ സഭാനേതൃത്വങ്ങളും ചെയ്യുന്നത്. അത് ഏറ്റവും അടിയന്തിരമായി അവസാനിപ്പിക്കണം. പക്ഷേ, അതു വൈദിക നേതൃത്വങ്ങളിൽ നിന്നും ഉണ്ടാകുകയില്ല. എല്ലാ വിഭാഗങ്ങളിലെയും വിശ്വാസികൾ വൈദികനേതൃത്വങ്ങളെ അവരവരുടെ വഴിക്കുവിട്ടുകൊണ്ട് മുഴുവൻ ക്രൈസ്തവ ജനതയുടെയും കൂട്ടായ പ്രതികരണപരിപാടികൾക്കു രൂപംകൊടുക്കണം. ഡോ.പുഷ്പരാജിനെപോലുള്ള ക്രൈസ്തവ നേതാക്കൾ തലനാരിഴകീറിയുള്ള സൈദ്ധാന്തിക വ്യാഖ്യാനങ്ങൾ ഇക്കാര്യത്തിൽ മാറ്റിവെച്ച് പ്രായോഗികമായി ക്രൈസ്തവർക്കു ഇന്ത്യയിൽ വന്നു ചേർന്നിട്ടുള്ള ഈ അപകടത്തെ നേരിടാൻ മുൻകൈ എടുക്കണം.

ഇന്ത്യൻ ജനതയിൽ 85 ശതമാനവും നരവംശ ശാസ്ത്രപ്രകാരം ഖൊയ്സാനി വർഗ്ഗത്തിൽപ്പെടുന്നവരായ ദ്രാവിഡജനസമൂഹമാണെന്നും, കർണാടകയും ആന്ധ്രയും തമിഴ്നാടും കേരളവും ഗോവയും മഹാരാഷ്ട്രയുടെയും ഛത്തീസ്ഗഢിന്റെയും ദക്ഷിണ പകുതി വീതവും ചേർന്നതുമായ സംഘകാല തമിഴകത്തിലെ മഹാചിന്തകനും കവിയുമായ **'തിരുവള്ളോർ'** തോമാശ്ലീഹായാൽ ക്രിസ്തുമതം സ്വീകരിച്ച ആളാണെന്നും അദ്ദേഹം എഴുതിയ **'തിരുക്കുറൽ'** എല്ലാ അർത്ഥത്തിലും ലോകത്തെ ആദ്യ സ്വതന്ത്ര ബൈബിളുകളിൽ ഒന്നാണെന്നും ഗവേഷകർ കണ്ടെത്തിയിട്ടുള്ളത് പ്രചരിപ്പിക്കുന്നതും ക്രൈസ്തവ ഐക്യത്തിനു ആക്കം കൂട്ടും.

അഡ്വ.ജേക്കബ് പുളിക്കൻ

N.B. ഇതിന്റെ ഇതര ഭാഷാപരിഭാഷകൾ കൂടി, പ്രത്യേകിച്ച് തമിഴ് പ്രസിദ്ധീകരിക്കണമെന്ന് താല്പര്യപ്പെടുന്നു.

## ഇന്ത്യയിലുള്ള ക്രിസ്ത്യാനികളും - ഇസ്ലാമും നശിപ്പിക്കപ്പെടും.

വടക്കേ ഇന്ത്യയിൽ INDIA TV, NDTV & AAJ TAK എന്നീ ചാനലുകളിൽ ധർമ്മജാഗരൺ എന്ന സംഘടനയുടെ നേതാവ് Mr. രാജേശ്വർ സിംഗ് എന്ന വ്യക്തി TV ചാനലുകൾക്ക് കൊടുത്ത അഭിമുഖത്തിൽ സംസാരിച്ച വാർത്തകൾ ഇന്ത്യാക്കാരെ എല്ലാവരേയും ഞെട്ടിച്ചു.

അദ്ദേഹം പറഞ്ഞത്: അടുത്ത 2021-ാം വർഷം ഡിസംബർ മാസം 31-ാം തീയതിക്കകം ക്രിസ്ത്യാനികളോ-ഇസ്ലാമോ ഇന്ത്യയിൽ ഒരിടത്തും കാണപ്പെടുകയില്ല. ഈ രണ്ടു മതങ്ങളും പൂർണ്ണമായും നശിക്കപ്പെട്ടിരിക്കും. ഇത് ഭാരത മാതാവിന്റെ കല്പനയാകുന്നു. ഇന്ത്യ മുഴുവനും ഹിന്ദുമത രാജ്യമായി മാറണം എന്നുള്ളതാണ് ഭാരത മാതാവിന്റെ അജണ്ടയായി അദ്ദേഹം അറിയിച്ചത്. ഹിന്ദു അല്ലാത്തവർ ഇല്ലാത്ത രാജ്യമായി ഇന്ത്യയെ മാറ്റുവാനുള്ള പദ്ധതിയെ പ്രാവർത്തികമാക്കുവാൻ പല വർഷങ്ങളായി പദ്ധതികൾ ആസൂത്രണം ചെയ്തു വരികയായിരുന്നു. ഈ പദ്ധതികൾ പൂർത്തിയാകുന്നതിനു മുമ്പ് രാജ്യത്തുള്ള എല്ലാ ക്രിസ്ത്യാനികളും മുസ്ലീങ്ങളും രാജ്യം വിട്ടിരിക്കണമെന്നുള്ളതാണ് അദ്ദേഹത്തിന്റെ അന്ത്യശാസനം. അതുകൊണ്ട് ഇന്ത്യയിൽ താമസിക്കുന്ന ക്രിസ്ത്യാനികൾക്കും മുസ്ലീംകൾക്കും 2021 ഡിസംബർ 31 അവസാന ദിവസമായി നിശ്ചയിക്കപ്പെട്ടു കഴിഞ്ഞു. ഞാൻ പറയുന്നത് എന്റെ സ്വന്തം തീരുമാനം മാത്രമല്ല എന്റെ സംഘടനയുടേയും ഞങ്ങളുടെ പാർട്ടിയുടേയും തീരുമാനമാണ്.

ഇദ്ദേഹത്തിന്റെ ടി.വി. അഭിമുഖം ഇന്ത്യ ഭരിക്കുന്ന നേതാക്കൾക്കും പ്രത്യേകമായി പ്രധാനമന്ത്രി നരേന്ദ്ര മോദി അവർകൾക്കും പാർലമെന്റിൽ വലിയ തിരിച്ചടികൾ നേരിടേണ്ടി വന്നു. പക്ഷേ, ടി.വി. യിൽ ഇത്രയും വ്യക്തമായി ക്രിസ്ത്യാനികൾക്ക് എതിരായി അന്ത്യശാസനം, വിദ്വേഷം കലർന്ന ഭാഷയിൽ വിമർശിച്ചിട്ടും രാജ്യത്തിന്റെ പ്രധാനമന്ത്രി അവർകൾ പതിവുപോലെ മൗനം തുടരുകയാണ്. ഈ മൗനം രാജേശ്വർ സിംഗിനുള്ള പിന്തുണയായി കരുതാം. ഇത് ഇന്ത്യയുടെ സമാധാനത്തിനെതിരായുള്ള വെല്ലുവിളിയായും അപമാനമായും കാണാം. യേശുക്രിസ്തുവിന്റെ സമാധാനം ഈ വ്യക്തികളുടെ മേൽ വ്യാപരിക്കട്ടെ. ഇത് വായിക്കുന്ന എല്ലാ ക്രിസ്ത്യാനികളും തങ്ങളുടെ കുടുംബ പ്രാർത്ഥനകളിൽ ഈ വിഷയത്തെ ഓർത്ത് പ്രാർത്ഥിക്കണം.

## ലോകരക്ഷിതാവിന്റെ കല്പനയും ഹൃദയഭാരവും

*"ഈ തൊഴുത്തിൽ ഉൾപ്പെടാത്ത വേറെ ആടുകൾ എനിക്ക് ഉണ്ട്; അവയെയും ഞാൻ നടത്തേണ്ടതാകുന്നു; അവ എന്റെ ശബ്ദം കേൾക്കും; ഒരാട്ടിൻകൂട്ടവും ഒരിടയനും ആകും." (യോഹന്നാൻ 10:16)*

*ലോകത്തിന്റെ (ഈ യുഗവ്യവസ്ഥയുടെ) അവസാനം എപ്പോൾ?*

*"എന്നാൽ സുവിശേഷം മുമ്പെ സകലജാതികളോടും പ്രസംഗിക്കേണ്ടതാകുന്നു." (മർക്കൊസ് 13:10)*

*"ആകയാൽ നിങ്ങൾ പുറപ്പെട്ട്, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും" (മത്തായി 28:19)*

*നിങ്ങൾ വായിച്ച ഈ കല്പന സർവ്വചരാചരങ്ങളെയും അണ്ഡകടാകങ്ങളെയും കമനീയമായി കടഞ്ഞെടുത്ത കർത്താവിന്റെ കല്പനയാണ്. ഈ കല്പനക്കു വിലക്കോ, തടസ്സമോ ഒരിടത്തു നിന്നും ആർക്കും നല്കാനാകില്ല. വീണ്ടും ജനിച്ച എല്ലാ ദൈവമക്കൾക്കുമുള്ള കല്പനയാണിത്!*

**JUNE 2018**

# Printed Book (Periodical)

**RNI Reg. No. TNBIL/2016/70171**

**Annual Subscription:**

| | |
|---|---|
| **India** | **- Rs.60/** |
| **Foreign** | **- Rs.600/** |

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.